18
2025
ഡിസംബർ
വ്യാഴം
ധനു 3

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 2 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-2 പേജ് 4. വില 2.00 രൂപ

02 രാജ്യം യുദ്ധത്തിന് ഒരുങ്ങണം; മുന്നറിയിപ്പുമായി സൈനിക മേധാവി

03 പസഫിക് സമുദ്രത്തിൽ യുഎസ് സൈന്യം മൂന്നു ബോട്ടുകൾ ആക്രമിച്ചു

04 ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങളുടെ തട്ടിപ്പ്; 10 വർഷമായി ഒളിവിലായിരുന്ന പ്രതി പിടിയിൽ

# വോട്ടെടുപ്പ് മാറ്റിവച്ച വാർഡുകളിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന്

തിരുവനന്തപുരം: വോട്ടെടുപ്പ് മാറ്റിവച്ച വാർഡുകളിലേക്കുള്ള പ്രത്യേക തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. സ്ഥാനാർഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള വിജ്ഞാപനമാണ് പുറപ്പെടുവിക്കുക.

തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡ്, മലപ്പുറം ജില്ലയിലെ മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം വാർഡ്, എറണാകുളം ജില്ലയിലെ പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ വാർഡ് എന്നിവിടങ്ങളിലാണ് പ്രത്യേക തെരഞ്ഞെടുപ്പ് നടക്കുക. ഈ വാർഡുകളിൽ നിലവിൽ സ്ഥാനാർഥികളായവർ വീണ്ടും പത്രിക സമർപ്പിക്കേണ്ടതില്ല. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതുവരെ മൂത്തേടം, പാമ്പാക്കുട പഞ്ചായത്തുകളിൽ പൂർണമായും തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിൽ മാത്രമായും മാതൃകാപെരുമാറ്റച്ചട്ടം നിലനിൽക്കും. തിരുവനന്തപുരം കോർപറേഷനിൽ കേവല ഭൂരിപക്ഷം കടക്കാൻ ബിജെപിക്ക് വിഴിഞ്ഞം വാർഡിൽ ജയിക്കേണ്ടതുണ്ട്. 101 അംഗ കൗൺസിലിൽ 50 സീറ്റുകളിലാണ് ഇപ്പോൾ ബിജെപി സ്ഥാനാർഥികൾ ജയിച്ചിരിക്കുന്നത്. ഇടതുപക്ഷം 29 സീറ്റിലേക്ക് ഒതുങ്ങിയപ്പോൾ നില മെച്ചപ്പെടുത്തിയ യുഡിഎഫ് സീറ്റ് നില 19 ആക്കി ഉയർത്തി. രണ്ട് സ്വതന്ത്ര സ്ഥാനാർഥികളും വിജയിച്ചിട്ടുണ്ട്. പൊതുസ്വതന്ത്രനെ പുറത്തുനിന്ന് പിന്തുണച്ച് യുഡിഎഫും എൽഡിഎഫും ചേർന്ന് ഭരണം അട്ടിമറിക്കാനുള്ള സാധ്യതകളെ അകറ്റി നിർത്തണമെങ്കിൽ വിഴിഞ്ഞം വാർഡിൽ ബിജെപിക്ക് ജയിക്കേണ്ടതുണ്ട്.

## പ്രധാനമന്ത്രി മോദി ജോർദാനിൽ

അമ്മാൻ: ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയുള്ള ദ്വിദിന സന്ദർശനത്തിനു പ്രധാനമന്ത്രി നരേന്ദ്ര മോദി ജോർദാൻ തലസ്ഥാനമായ അമ്മാനിലെത്തി.

ജോർദാൻ പ്രധാനമന്ത്രി ജാഫർ ഹസൻ വിമാനത്താവളത്തിലെത്തിയാണു മോദിയെ സ്വീകരിച്ചത്. ഇരുരാജ്യങ്ങളും തമ്മിൽ നയതന്ത്ര ബന്ധം തുടങ്ങിയതിൻറെ എഴുപത്തിയഞ്ചാം വാർഷികത്തിൻറെ ഭാഗമായാണു സന്ദർശനം.

ജോർദാനിലെ ഇന്ത്യൻ സമൂഹവുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. കെട്ടിട, വസ്ത്ര നിർമാണ മേഖലയിൽ ഉൾപ്പെടെ 17,500 ഇന്ത്യക്കാർ ജോർദാനിൽ ജോലി ചെയ്യുന്നുവെന്നാണ് കണക്കുകൾ.

## ബോണ്ടി കൂട്ടക്കൊല; ഭീകരാക്രമണമെന്ന് ഓസ്ട്രേലിയ

സിഡ്നി: ഓസ്ട്രേലിയയിലെ ബോണ്ടി ബീച്ചിൽ യഹൂദ ആഘോഷത്തിനിടെയുണ്ടായ വെടിവയ്പ് ഭീകരാക്രമണമാണെന്ന് ഓസ്ട്രേലിയൻ ഫെഡറൽ പോലീസ്. ഐഎസിൽനിന്നു പ്രചോദനമുൾക്കൊണ്ട് നടത്തിയ ഭീകരാക്രമണമായിരുന്നെന്ന് ഫെഡറൽ പോലീസ് കമ്മീഷണർ ക്രിസി ബാരറ്റ് പറഞ്ഞു.

പ്രദേശത്തുനിന്നും പിടിച്ചെടുത്ത വാഹനത്തിൽ കണ്ടെത്തിയ ഇസ്‌ലാമിക് സ്റ്റേറ്റ് പതാകയുടെ സാന്നിധ്യമുൾപ്പെടെ തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഭീകരാക്രമണമെന്ന നിഗമനത്തിലെത്തിയതെന്ന് പ്രധാനമന്ത്രി ആന്തണി ആൽബനീസ് പറഞ്ഞു.

ആക്രമണത്തിൽ പരിക്കേറ്റ 25 പേർ ആശുപത്രിയിൽ ചികിത്സയിലാണ്. ഇതിൽ 10 പേരുടെ നില ഗുരുതരമാണ്. പരിക്കേറ്റവരിൽ മൂന്നു പേർ കുട്ടികളാണ്. പ്രതികൾ കഴിഞ്ഞ മാസം ഫിലിപ്പീൻസിലേക്ക് യാത്ര ചെയ്തതായി ന്യൂ സൗത്ത് വെയിൽസ് സംസ്ഥാന പോലീസ് കമ്മീഷണർ മാൽ ലാൻയോൺ പറഞ്ഞു.

അവരുടെ യാത്രയ്ക്കുള്ള കാരണങ്ങളും ഫിലിപ്പീൻസിൽ അവർ എവിടേക്ക് പോയി എന്നതും അന്വേഷിക്കുമെന്ന് ലാൻയോൺ പറഞ്ഞു. സംഭവസ്ഥലത്തുനിന്ന് പിടിച്ചെടുത്ത പ്രതിയുടെ പേരിൽ രജിസ്റ്റർ ചെയ്ത വാഹനത്തിൽ സ്ഫോടകവസ്തുക്കളുണ്ടായിരുന്നു. ഐഎസ് പതാകകളും വാഹനത്തിലുണ്ടായിരുന്നതായി ലാൻയോൺ കൂട്ടിച്ചേർത്തു.

### സിഡ്നി ഭീകരാക്രമണം; ഭീകരരിൽ ഒരാൾക്ക് ഇന്ത്യൻ ബന്ധം

സിഡ്നി: ഓസ്ട്രേലിയയിലെ ബോണ്ടി ബീച്ചിൽ ഭീകരാക്രമണം നടത്തിയ ആക്രമികളിൽ ഒരാൾക്ക് ഇന്ത്യൻ ബന്ധം. വെടിവയ്പ്പ് നടത്തിയവരിൽ ഒരാളായ സാജിദ് അക്രം ഇന്ത്യൻ പൗരനായിരുന്നുവെന്ന് അധികൃതർ കണ്ടെത്തി.

മൂന്ന് പതിറ്റാണ്ടുകൾക്ക് മുൻപ് ഓസ്ട്രേലിയയിലേക്ക് കുടിയേറിയ ഹൈദരാബാദ് സ്വദേശിയാണ് സാജിദ് അക്രമെന്ന് തെലങ്കാന പോലീസ് അറിയിച്ചു. ആക്രമണത്തിനിടെ ഇയാൾ ഓസ്ട്രേലിയൻ പോലീസിൻറെ വെടിയേറ്റ് മരിച്ചിരുന്നു. സാജിദ് അക്രം(50) ഹൈദരാബാദ് സ്വദേശിയാണെന്നും 1998 നവംബറിൽ സ്റ്റുഡൻറ് വീസയിലാണ് ഓസ്ട്രേലിയയിലേക്ക് കുടിയേറിയതെന്നും തെലങ്കാന ഡയറക്ടർ ജനറൽ ഓഫ് പോലീസ് പറഞ്ഞു. ഏകദേശം 27 വർഷമായി ഇയാൾ ഓസ്ട്രേലിയയിൽ താമസിച്ചുവരികയായിരുന്നു.

## വിസി നിയമനത്തിലെ സമവായം: സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ച് ഗവർണർ

ന്യൂഡൽഹി: വിസി നിയമനത്തിലെ സമവായം രേഖാമൂലം സുപ്രീം കോടതിയെ അറിയിച്ച് ഗവർണർ രാജേന്ദ്ര അർലേക്കർ. കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ച ചാൻസലറായ ഗവർണർ സിസ തോമസിനെയും സജി ഗോപിനാഥിനെയും നിയമിച്ചുകൊണ്ടുള്ള ഉത്തരവും കൈമാറിയിട്ടുണ്ട്. ഗവർണറുടെ സ്റ്റാൻഡിംഗ് കൗൺസൽ വെങ്കിട്ട് സുബ്രഹ്മണ്യമാണ് സത്യവാംഗ്മൂലം സമർപ്പിച്ചത്. ഈ മാസം 14 ന് നടന്ന ഗവർണർ മുഖ്യമന്ത്രി ചർച്ചയിൽ ധാരണയായെന്നും കോടതി നിർദേശപ്രകാരം ഇക്കാര്യം ജസ്റ്റീസ് ധൂലിയയെ അറിയിച്ചെന്നും സത്യവാംഗ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാരും ഗവർണറും തമ്മിൽ ധാരണയിലെത്തിയതിനു പിന്നാലെ, ചൊവ്വാഴ്ച സാങ്കേതിക സർവകലാശാല വിസിയായി ഡോ. സിസ തോമസിനെയും ഡിജിറ്റൽ സർവകലാശാല വിസിയായി ഡോ. സജി ഗോപിനാഥിനെയും നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം ലോക് ഭവൻ പുറത്തിറക്കിയിരുന്നു.

നേരത്തെ സാങ്കേതിക സർവകലാശാലയിലേക്ക് ഗവർണർ നിർദേശിച്ച ഡോ. സിസ തോമസിൻറെ പേര് സർക്കാർ അംഗീകരിച്ചിരുന്നില്ല. ഡിജിറ്റൽ സർവകലാശാല വിസിയായി ഡോ. സജി ഗോപിനാഥിൻറെ പേര് സർക്കാർ മുന്നോട്ടുവച്ചെങ്കിലും ഗവർണറും അംഗീകരിച്ചിരുന്നില്ല. ഡോ. സജി ഗോപിനാഥിനെതിരെ ആരോപണമുണ്ടെന്നു ചൂണ്ടിക്കാട്ടിയാണ് ഗവർണർ പേര് വെട്ടിയത്.

ഒടുവിൽ സുപ്രീംകോടതി വിഷയത്തിൽ ഇടപെടുകയായിരുന്നു. സർക്കാരും ഗവർണറും തമ്മിൽ സമവായത്തിൽ എത്തിയില്ലെങ്കിൽ കോടതി ഇടപെട്ട് രണ്ട് സർവകലാശാലയിലേക്കും വിസിയെ നിയമിക്കുമെന്ന് പ്രഖ്യാപിച്ചു. തുടർന്ന് ആദ്യഘട്ട സമവായ ചർച്ചയിൽ തീരുമാനം ഉണ്ടായിരുന്നില്ല. പിന്നാലെ ചൊവ്വാഴ്ച മുഖ്യമന്ത്രിയും ഗവർണറും തമ്മിൽ നടന്ന സമവായ ചർച്ചയിലാണ് വിസിമാരെ നിയമിക്കുന്നത് സംബന്ധിച്ചു ധാരണയായത്. സുപ്രീം കോടതി നിയോഗിച്ച റിട്ട. ജസ്റ്റീസ് സുധാംശു ധൂലിയ അധ്യക്ഷനായ സർച്ച് കമ്മിറ്റി സ്വന്തം നിലയിൽ തയാറാക്കിയ വിസിമാരുടെ പട്ടിക ബുധനാഴ്ച കോടതിയ്ക്ക് കൈമാറാനിരിക്കെയാണ് സർക്കാരും ഗവർണറും തമ്മിൽ ധാരണയായത്.

## ലൈംഗികാതിക്രമം: നീലലോഹിതദാസൻ നാടാരെ വെറുതെവിട്ട കേസിൽ പരാതിക്കാരി സുപ്രീംകോടതിയിലേക്ക്

തിരുവനന്തപുരം: മുൻ മന്ത്രി നീലലോഹിത ദാസൻ നാടാരെ വെറുതെവിട്ട ലൈംഗികാതിക്രമ കേസിൽ പരാതിക്കാരി സുപ്രീംകോടതിയിലേക്ക്.

ഹൈക്കോടതി എല്ലാവശങ്ങളും പരിശോധിക്കാതെയാണു തീരുമാനമെടുത്തതെന്നാണു പരാതിക്കാരിയുടെ ആക്ഷേപം. ഇക്കാര്യത്തിൽ ഹൈക്കോടതിക്ക് പിഴവ് സംഭവിച്ചുവെന്നാണ് പരാതിക്കാരിയുടെ ആക്ഷേപം. ഇ. കെ. നായനാർ മന്ത്രിസഭയിൽ വനം-ഗതാഗത മന്ത്രിയായിരിക്കെയാണു നീല ലോഹിത ദാസൻ നാടാർക്കെതിരേ ലൈംഗികാതിക്രമ കേസ് രജിസ്റ്റർ ചെയ്തത്.

## ബിബിസിക്കെതിരേ മാനനഷ്ടക്കേസ് ഫയൽ ചെയ്ത് ട്രംപ്

വാഷിംഗ്ടൺ ഡിസി: ബ്രിട്ടീഷ് ചാനലായ ബിബിസിക്കെതിരേ 10 ബില്യൺ യുഎസ് ഡോളർ നഷ്ടപരിഹാരം ആവശ്യപ്പെട്ട് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് മാനനഷ്ടക്കേസ് ഫയൽ ചെയ്തു.

2021 ജനുവരി ആറിന് ട്രംപിൻറെ പ്രസംഗത്തിൻറെ രണ്ട് വ്യത്യസ്ത ഭാഗങ്ങൾ ഒരുമിച്ചു ചേർത്ത് ബിബിസി തെറ്റായ സന്ദേശം പ്രചരിപ്പിച്ചെന്നാണ് ആരോപണം.

പ്രസംഗത്തിലെ ചില ഭാഗങ്ങൾ എഡിറ്റ് ചെയ്ത്, യുഎസ് ക്യാപ്പിറ്റോൾ ആക്രമിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്ന തരത്തിൽ സംസാരിച്ചതായി ചാനൽ വരുത്തിത്തീർത്തുവെന്ന് മയാമിയിലെ ഫെഡറൽ കോടതിയിൽ ഫയൽ ചെയ്ത കേസിൽ ആരോപിക്കുന്നു.

## പുതിയ ബിൽ ഉന്നതവിദ്യാഭ്യാസ മഖേലയിൽ കടുത്ത പ്രതിസന്ധിയാകും: മന്ത്രി ആർ ബിന്ദു

കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച വികസിത് ഭാരത് ശിക്ഷാ അധിസ്ഥാൻ ബിൽ, 2025 ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ.ആർ ബിന്ദു. ഫെഡറൽ തത്വങ്ങളുടെ പൂർണമായ ലംഘനമാണിതെന്നും സെക്രട്ടേറിയറ്റിലെ പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

കൺകറന്റ് ലിസ്റ്റിൽ പെട്ട ഉന്നത വിദ്യാഭ്യാസത്തെ പൂർണമായും കേന്ദ്ര സർക്കാരിന്റെ പരിധിയിലേക്ക് കൊണ്ട് വരുന്ന ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. ക്ലോസ് 45, 47 പ്രകാരം കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കും തീരുമാനങ്ങൾക്കും അനുസരിച്ചാകും വ്യത്യസ്ത കൗൺസിലുകൾ പ്രവർത്തിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നേരത്തെ ഉണ്ടായിരുന്ന പരിമിതമായ ഗ്രാന്റ് പോലും ഇല്ലതാക്കി എല്ലാ ഫണ്ടിങ്ങും കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് വഴി ആക്കി മാറ്റിയിട്ടുണ്ട്. ഇത് വഴി കേന്ദ്ര വിദ്യാഭ്യാസ നയങ്ങൾ സംസ്ഥാനങ്ങൾക്ക് മേൽ അടിച്ചേൽപ്പിക്കും. മാത്രമല്ല, കേരളം പോലെ കേന്ദ്ര നയങ്ങളെ ചെറുക്കുന്ന സംസ്ഥാനങ്ങൾക്ക് ഫണ്ട് ഒന്നും ലഭിക്കാത്ത സാഹചര്യവും ഉണ്ടാകും.

സംസ്ഥാന സർക്കാരിന്റെ ഫണ്ടിങ്ങിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ കരിക്കുലം, സിലബസ് എന്നീ മേഖലകളിൽ അടക്കം കേന്ദ്ര സർക്കാരിന് നേരിട്ട് ഇടപെടാനുള്ള അവസരം ബിൽ നൽകുന്നുണ്ട്. ഇത് വലിയ പ്രത്യാഘതങ്ങൾ സൃഷ്ടിക്കും. കേരളം മാറ്റി നിർത്തിയ യുജിസി യുടെ ഇന്ത്യൻ നോളജ് സിസ്റ്റം അടക്കം ഇത് വഴി കരിക്കുലത്തിൽ വരും. കമ്മീഷന്റെ നിർദേശങ്ങൾ അനുസരിക്കാത്ത സ്ഥാപനങ്ങൾക്ക് 10 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെ ഫൈൻ ചുമത്താൻ അധികാരം നൽകുന്നുണ്ട്. പൂർണമായും സംസ്ഥാന ഫണ്ടിങ്ങിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഇത് വഴി കേന്ദ്ര സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിന് നിർബന്ധിക്കും. കമ്മീഷന്റെ നിർദേശം അനുസരിക്കാത്ത സ്ഥാപനങ്ങളെ അടച്ചു പൂട്ടാൻ വരെ ഈ ബിൽ കമ്മീഷന് അധികാരം നൽകുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന ഈ ബില്ലിനെതിരെ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

## രാഷ്ട്രപതി എത്തിയ പ്രമാടത്തെ വിവാദ ഹെലിപാഡ് പൊളിക്കുന്നു; നിർമിച്ചത് 20 ലക്ഷം ചെലവിൽ

പത്തനംതിട്ട: രാഷ്ട്രപതിയുടെ ശബരിമല സന്ദർശനത്തിനായി പത്തനംതിട്ട പ്രമാടത്ത് നിർമിച്ച വിവാദ ഹെലിപാഡ് പൊളിക്കുന്നു. 20 ലക്ഷം രൂപ ചെലവിട്ട് നിർമിച്ചതാണ് ഹെലിപാഡ്.

ഒക്ടോബർ 22നായിരുന്നു രാഷ്ട്രപതി ശബരിമല സന്ദർശനത്തിനായി പത്തനംതിട്ടയിൽ എത്തിയത്. രാഷ്ട്രപതിയുമായി പ്രമാടത്ത് ഇറങ്ങിയ വ്യോമസേനയുടെ ഹെലികോപ്ടറിൻറെ ചക്രങ്ങൾ കോൺക്രീറ്റിൽ താഴ്ന്നു പോയത് വിവാദമായിരുന്നു.

രാഷ്ട്രപതി ഇറങ്ങിയ ശേഷം പോലീസും അഗ്നിരക്ഷാ സേനാംഗങ്ങളും ചേർന്ന് ഹെലികോപ്റ്റർ തള്ളി മാറ്റുകയായിരുന്നു.

രാഷ്ട്രപതിയെത്തുന്ന ഹെലികോപ്റ്റർ നിലയ്ക്കൽ ഇറക്കാനായിരുന്നു ആദ്യ തീരുമാനം. പ്രതികൂല കാലാവസ്ഥ കാരണമാണ് പ്രമാടത്തേക്ക് മാറ്റിയത്. ഇതേത്തുടർന്ന് ഹെലികോപ്ടർ ഇറങ്ങുന്നതിനു മുമ്പായി പുലർച്ചെയോടെയാണ് കോൺക്രീറ്റിംഗ് പൂർത്തിയാക്കാനായത്.



# 'ചുണയുണ്ടെങ്കിൽ കൈയിലുള്ള തെളിവുകൾ ഹാജരാക്കൂ': സതീശനെ വെല്ലുവിളിച്ച് കടകംപള്ളി

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളയിൽ തനിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾക്ക് തെളിവ് നൽകാൻ പ്രതിപക്ഷ നേതാവ് വി. ഡി. സതീശനെ വെല്ലുവിളിച്ച് കടകംപള്ളി സുരേന്ദ്രൻ. ചുണയുണ്ടെങ്കിൽ തൻറെ കൈയിൽ ഉണ്ടെന്ന് പറയുന്ന തെളിവുകൾ സതീശൻ കോടതിയിൽ ഹാജരാക്കണമെന്ന് കടകംപള്ളി ആവശ്യപ്പെട്ടു. നേരിൻറെ ഒരംശം പോലും ഇല്ലാത്ത രാഷ്ട്രീയക്കാരനാണെന്ന് വി. ഡി. സതീശൻ വീണ്ടും തെളിയിക്കുകയാണ്. വിവാദത്തിലേക്ക് തന്നെ വലിച്ചിഴച്ചിട്ട് മാസങ്ങളായെന്നും ഇതുവരെ പുറത്തുവിടാത്ത തെളിവുകൾ ഇനിയെങ്കിലും പുറത്തുവിടാനും കടകംപള്ളി സുരേന്ദ്രൻ ഫേസ്ബുക്ക് പോസ്റ്റിലൂടെ വെല്ലുവിളിച്ചു. ശബരിമല സ്വർണക്കൊള്ള വിവാദം ഉയർന്നതിന് പിന്നാലെയാണ് മുൻ ദേവസ്വം മന്ത്രിയായ കടകംപള്ളി സുരേന്ദ്രനെതിരെ സതീശൻ ആരോപണങ്ങൾ ഉയർത്തിയത്. സ്വർണപ്പാളി പുറത്തുകൊണ്ടുവന്ന് വിറ്റെന്നും അതിന് ഒത്താശ ചെയ്തത് കടകംപള്ളി സുരേന്ദ്രനാണെന്നും സതീശൻ പറഞ്ഞിരുന്നു.

**കടകംപള്ളി സുരേന്ദ്രൻറെ ഫേസ്ബുക്ക് പോസ്റ്റിൻറെ പൂർണരൂപം:**

വി. ഡി. സതീശനെതിരെ ഞാൻ ഫയൽ ചെയ്തിരിക്കുന്ന മാനനഷ്ട ഹർജിയുമായി ബന്ധപ്പെട്ട് തെറ്റായ വാർത്ത നൽകുന്നത് ഇന്നലെ മനോരമ ന്യൂസ് ആണ്. അത് തെറ്റാണ് എന്നും കോടതിയിൽ എന്താണ് നടന്നത് എന്നുമുള്ള എൻറെ വക്കീലിൻറെ പ്രസ്താവന ഞാൻ ഫേസ്ബുക്കിൽ പങ്ക് വെക്കുകയും മീഡിയ ഗ്രൂപ്പുകളിൽ ഷെയർ ചെയ്യുകയും ചെയ്തിരുന്നു.

അതിന് ശേഷം നടന്നിരിക്കുന്ന തോന്നിവാസം ആണ് നിങ്ങൾ കമൻറിൽ കാണുന്നത്. ഇത് എന്തൊരു തരം മാധ്യമ പ്രവർത്തനം ആണ് എല്ലാ മീഡിയയിലും ഒരേ ടെംപ്ലേറ്റിൽ ഒരു വ്യാജ വാർത്ത വരുന്നുണ്ടെങ്കിൽ ഉറപ്പിക്കാം അതിൻറെ സോഴ്സ് ഒന്നായിരിക്കും എന്ന്. ആ സോഴ്സ് ആരായിരിക്കും എന്നും നമുക്ക് ഊഹിക്കാമല്ലോ.

ഇനി സതീശനോടാണ്. സതീശാ, നേരിൻറെ ഒരംശം പോലും ഇല്ലാത്ത രാഷ്ട്രീയക്കാരൻ ആണ് നിങ്ങൾ എന്ന് തെളിയിച്ചു. എങ്കിലും പറയുകയാണ്, രാഷ്ട്രീയം മാന്യമായി പ്രവർത്തിക്കാൻ ഉള്ളതാണ്. താൻ എൻറെ പേര് ഈ വിവാദത്തിലേക്ക് വലിച്ചിഴച്ച് മാസങ്ങൾ ആയില്ലേ. ചുണയുണ്ടെങ്കിൽ താൻ തൻറെ കൈയിൽ ഉണ്ടെന്ന് പറയുന്ന തെളിവുകൾ നാളെ കോടതിയിൽ ഹാജരാക്ക്. കോടതിയും ജനങ്ങളും കാണട്ടെ. .

# ഭിന്നശേഷി സർഗോത്സവം ജനുവരി 19–21 വരെ തിരുവനന്തപുരത്ത്

ഭിന്നശേഷി സമൂഹത്തിന്റെ ശാക്തീകരണവും സാമൂഹിക ഉൾച്ചേർക്കലും മുഖ്യലക്ഷ്യമായി സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് ഭിന്നശേഷി സർഗോത്സവം 'സവിശേഷ – കാർണിവൽ ഓഫ് ദി ഡിഫറന്റ്' സംഘടിപ്പിക്കുന്നു. അസിസ്റ്റീവ് ടെക്നോളജി, തൊഴിൽ, സംരംഭകത്വം എന്നിവയിലെ അവസരങ്ങൾ, ഉൾക്കൊള്ളലോടെയുള്ള കായികമേളകൾ തുടങ്ങിയവയിലൂടെ കേരളത്തെ മാതൃകാ സംസ്ഥാനമാക്കി മാറ്റാൻ ജനുവരി 19–21 വരെ തിരുവനന്തപുരത്ത് നടക്കുന്ന സർഗോത്സവം വഴിതെളിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ–സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു സെക്രട്ടേറിയറ്റിലെ പി ആർ ചേംബറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കേരളത്തിലെ ഭിന്നശേഷി മേഖലയിലെ സമഗ്രമായ പ്രവർത്തനങ്ങൾ, രാജ്യത്തിനു തന്നെ മാതൃകയാകാവുന്ന പദ്ധതികൾ, ഈ മേഖലയിലെ ദേശീയ–അന്തർദേശീയ വീക്ഷണങ്ങൾ, അസിസ്റ്റീവ് ടെക്നോളജി ഡെമോൺസ്ട്രേഷൻ, കലാ-കായിക പരിപാടികൾ, തൊഴിൽമേള, നൈപുണ്യ വികസനശില്പശാല, ഇൻക്ലൂസീവ് ചലച്ചിത്രോത്സവം തുടങ്ങിയവ സർഗോത്സവത്തിൽ ഉൾപ്പെടുത്തും.

ഭിന്നശേഷി വ്യക്തികൾക്ക് തുല്യനീതി ഉറപ്പാക്കി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ആർപി ഡബ്ല്യുഡി ആക്ട് (2016) നിലവിൽ വന്നതിൽ പ്പിന്നെ ഭിന്നശേഷിക്കാർക്കായി നിയമം അനുശാസിക്കും പ്രകാരമുള്ള വിവിധ പദ്ധതികളും പരിപാടികളും സാമൂഹ്യനീതി വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ഭിന്നശേഷി വ്യക്തികൾക്ക് സമഗ്രമായ ഉൾക്കൊള്ളലും പ്രാപ്യതയും ഉറപ്പാക്കുക, ഭിന്നശേഷി അവകാശങ്ങളെക്കുറിച്ച് പൊതുജനാവബോധം വർദ്ധിപ്പിക്കുക, ഭിന്നശേഷി ജനസമൂഹത്തിന്റെ കഴിവുകളും പ്രതിഭകളും ദേശീയശ്രദ്ധയിൽ കൊണ്ടുവരിക എന്നിവയും പരിപാടിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

സഹായ സാങ്കേതിക വിദ്യകളുടെ പ്രദർശനം, ഭിന്നശേഷിക്കാർ നിർമ്മിച്ച ഉൽപ്പന്നങ്ങളുടേയും ഉപകരണങ്ങളുടേയും പ്രദർശന–വിപണനം എന്നിവയ്ക്കൊപ്പം അന്താരാഷ്ട്രതലത്തിലെ നവീന ആശയങ്ങളും അവതരിപ്പിക്കും. തൊഴിൽ മേളയ്ക്ക് പുറമെ, നിയമ അവബോധ പരിപാടികളും രക്ഷിതാക്കൾക്കും പരിചാരകർക്കുമുള്ള പിന്തുണാ സംവിധാനങ്ങളെക്കുറിച്ചുള്ള ബോധവത്കരണവും നടക്കും. ഭിന്നശേഷി അവകാശങ്ങളും നയപരിഷ്കരണങ്ങളും സംബന്ധിച്ച സംവാദങ്ങളും വ്യവസായ പ്രമുഖർ, നയരൂപീകരണ വിദഗ്ദ്ധർ, ഭിന്നശേഷി മേഖലയിലെ പ്രവർത്തകർ എന്നിവരുമായുള്ള സംവാദങ്ങൾക്കും വേദികൾ ഉണ്ടാവും.

ഭിന്നശേഷിക്കാരായ കലാകാരന്മാർ അവതരിപ്പിക്കുന്ന സംഗീതം, നൃത്തം, നാടകം, മറ്റ് ദൃശ്യാവതരണ പരിപാടികൾ എന്നിവ മേളയ്ക്ക് മിഴിവേകും. ന്യൂറോ ഡൈവേഴ്സിറ്റിയുമായി ബന്ധപ്പെട്ട പ്രത്യേക ആഘോഷപരിപാടികൾ മേളയുടെ ഭാഗമാകും. 'അൻപ്' ബയോസ്കോപ്പ് ഇൻക്ലൂസീവ് സിനിമകളും പ്രദർശിപ്പിക്കും.

സാമൂഹികസമത്വം ആധാരമാക്കിയ ഇൻക്ലൂസീവ് കായിക മത്സരങ്ങളോടെയുള്ള ഇൻക്ലൂസീവ് ഒളിമ്പിക്സ് 'സവിശേഷ'യുടെ മുഖ്യ ആകർഷണമാകും. പൂർണ്ണമായും ബാരിയർ–ഫ്രീ സൗകര്യങ്ങൾ ഇൻക്ലൂസീവ് ഒളിമ്പിക്സിൽ ഒരുക്കും. കുടുംബശ്രീ യൂണിറ്റുകളും പ്രത്യേക അയൽക്കൂട്ടങ്ങളും നേതൃത്വം നൽകുന്ന ഭക്ഷ്യമേള, സ്വയം തൊഴിൽ നിർമ്മാണ ഉല്പന്നങ്ങളുടെ പ്രദർശന–വിപണന മേള എന്നിവയും 'സവിശേഷ'യിൽ ഉണ്ടാകുമെന്ന് മന്ത്രി വ്യക്തമാക്കി.

# 7 ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## ആകെ 282 ആരോഗ്യ കേന്ദ്രങ്ങൾക്ക് എൻ.ക്യു.എ.എസ്

സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കണ്ണൂർ ഇരിണാവ് ജനകീയ ആരോഗ്യകേന്ദ്രം 83.51 ശതമാനം, കണ്ണൂർ കൊട്ടില ജനകീയ ആരോഗ്യകേന്ദ്രം 85.22 ശതമാനം, കാസർഗോഡ് ചോയംകോട് ജനകീയ ആരോഗ്യകേന്ദ്രം 90.68 ശതമാനം, കാസർഗോഡ് ബിരിക്കുളം ജനകീയ ആരോഗ്യകേന്ദ്രം 90.05 ശതമാനം എന്നിങ്ങനെ സ്കോറോടെയാണ് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. തൃശൂർ നെന്മണിക്കര കുടുംബാരോഗ്യകേന്ദ്രം 88.19 ശതമാനം, തൃശൂർ പൊയ്യ കുടുംബാരോഗ്യകേന്ദ്രം 89.50 ശതമാനം, കണ്ണൂർ വളപട്ടണം കുടുംബാരോഗ്യകേന്ദ്രം 92.91 ശതമാനം എന്നിങ്ങനെ 3 വർഷത്തിന് ശേഷം പുന: അംഗീകാരവും ലഭിച്ചു.

ഇതോടെ സംസ്ഥാനത്തെ ആകെ 282 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 34 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

എൻ.ക്യു.എ.എസ്. അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ / നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് അശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും. ആശുപത്രിയുടെ കൂടുതൽ വികസനത്തിന് ഇതും സഹായകരമാകും.

# രാജ്യം മുഴുവൻ യുദ്ധത്തിന് ഒരുങ്ങണം; മുന്നറിയിപ്പുമായി ബ്രിട്ടീഷ് സൈനിക മേധാവി

ലണ്ടൻ: അന്താരാഷ്ട്ര തലത്തിൽ സുരക്ഷാ ഭീഷണികൾ വർധിക്കുന്ന സാഹചര്യത്തിൽ, ബ്രിട്ടൻറെ പ്രതിരോധ സജ്ജീകരണങ്ങൾ ഇനി സൈന്യത്തിൽ മാത്രം ഒതുങ്ങരുതെന്ന് പുതിയ സായുധ സേനാ മേധാവി റിച്ചാർഡ് നൈറ്റൺ.

തൻറെ ഔദ്യോഗിക ജീവിതത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത വിധം ലോകം കൂടുതൽ അപകടകരമായ അവസ്ഥയിലാണെന്നും, ഈ വെല്ലുവിളികളെ നേരിടാൻ സർക്കാരിനും സൈന്യത്തിനും പുറമെ മുഴുവൻ രാജ്യവും മുന്നിട്ടിറങ്ങേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

രാജ്യത്തിൻറെ പ്രതിരോധം ശക്തിപ്പെടുത്തുന്ന പുതിയ കാലഘട്ടം, കൂടുതൽ ബ്രിട്ടീഷുകാർ സ്വന്തം രാജ്യത്തിനു വേണ്ടി പോരാടാൻ സന്നദ്ധരാകണം എന്നതിനെ സൂചിപ്പിക്കുന്നു. റഷ്യ ഉയർത്തുന്ന വർധിച്ചുവരുന്ന അപകടസാധ്യതയുടെ പശ്ചാത്തലത്തിൽ രാജ്യം ദേശീയ പ്രതിരോധശേഷി ആർജിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

2022 ഫെബ്രുവരിയിൽ യുക്രെയ്നിനെതിരെ റഷ്യ ആരംഭിച്ച യുദ്ധം ഏതാണ്ട് നാല് വർഷത്തോളമായി തുടരുന്ന സാഹചര്യത്തിലാണ് ഈ മുന്നറിയിപ്പ്. റോയൽ യുണൈറ്റഡ് സർവീസസ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പ്രസംഗത്തിൽ സംസാരിക്കുകയായിരുന്നു, സെപ്റ്റംബർ മുതൽ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് പദവി വഹിക്കുന്ന നൈറ്റൺ.

പതിവ് സൈനിക സേനാംഗങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിനൊപ്പം, സജീവമായ റിസർവ് സൈനികരുടെയും കേഡറ്റുകളുടെയും എണ്ണത്തിൽ വലിയ വർധനവ് വരുത്താൻ അധികൃതർ ലക്ഷ്യമിടുന്നുണ്ട്.

ഇതോടെ, രാജ്യത്തിന് വേണ്ടിയുള്ള ത്യാഗം എന്തായിരിക്കുമെന്ന് കൂടുതൽ കുടുംബങ്ങൾക്ക് അറിയേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രതിരോധ മേഖലയിലെ ജീവനക്കാർക്ക് മികച്ച പരിശീലനം നൽകുന്നതിനായി പുതിയ 'ഡിഫൻസ് ടെക്നിക്കൽ എക്സലൻസ് കോളേജുകൾക്ക്' 50 ദശലക്ഷം പൗണ്ടിൻറെ (ഏകദേശം 67 ദശലക്ഷം ഡോളർ) ധനസഹായം പ്രഖ്യാപിച്ചതും ശ്രദ്ധേയമാണ്.

# കുതിപ്പിനും വീഴ്ചയ്ക്കും ശേഷം തിരിച്ചുകയറി സ്വർണവില; 99,000 രൂപയിൽ താഴെത്തന്നെ

കൊച്ചി: സംസ്ഥാനത്ത് ചരിത്രക്കുതിപ്പിനും വീഴ്ചയ്ക്കും ശേഷം തിരിച്ചുകയറി സ്വർണവില. ഗ്രാമിന് 60 രൂപയും പവന് 480 രൂപയുമാണ് ഉയർന്നത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 12,330 രൂപയിലും പവന് 98,640 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 50 രൂപ ഉയർന്ന് 10, 140 രൂപയിലെത്തി. തിങ്കളാഴ്ച 99,000 രൂപ ഭേദിച്ചശേഷം ചൊവ്വാഴ്ച 1,000 രൂപയിലധികം താഴ്ന്നിറങ്ങിയ സ്വർണവിലയാണ് ഇന്നു വീണ്ടും കരകയറിയത്.

മാസാദ്യ ദിനത്തിലെ വൻകുതിപ്പിന് ബ്രേക്കിട്ട സ്വർണവില പിന്നീട് താഴ്ന്നിറങ്ങുകയും തിരിച്ചുകയറുകയുമായിരുന്നു. ഡിസംബർ 12ന് ഒറ്റയടിക്ക് 1,400 രൂപ ഉയർന്ന് വീണ്ടും 97,000 കടന്ന് കുതിച്ചുയർന്നു. വീണ്ടും കുതിപ്പ് തുടർന്ന് 15ന് 99,000 കടന്ന് പുതിയ നാഴികക്കല്ലിലെത്തിയതിനു ശേഷമാണ് ചാഞ്ചാടിയത്.

ജനുവരി 22-നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില.

നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

## വാക്ക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ മെക്കാനിക്കൽ എൻജിനിയറിങ് & സിവിൽ എൻജിനിയറിങ്, അപ്രന്റിസുകളുടെ നിയമനത്തിന് ഡിസംബർ 24ന് വാക്ക് ഇൻ ഇന്റർവ്യൂ നടക്കും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

# ഗ്രേറ്റ് ബ്രിട്ടൻ രൂപത വിമൻസ് ഫോറം വാർഷിക സമ്മേളനം

ബർമിംഗ്ഹാം: ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപത വിമൻസ് ഫോറം കൺവെൻഷൻ ബർമിംഗ്ഹാമിലെ ന്യൂ ബിങ്‌ലി ഹാളിൽ നടത്തി. രൂപതയിലെ മുഴുവൻ ഇടവക, മിഷൻ, പ്രൊപ്പോസ്ഡ് മിഷൻ കേന്ദ്രങ്ങളിൽനിന്നുള്ള ആയിരക്കണക്കിന് വനിതാ പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ ഉദ്ഘാടനം ചെയ്തു.

വിമൻസ് ഫോറം രൂപത പ്രസിഡൻറ് ടിങ്കിൾ റെയ്സൺ അധ്യക്ഷത വഹിച്ചു. പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഡോ. ആൻറണി ചുണ്ടെലിക്കാട്ട്, വിമൻസ് ഫോറം കമ്മീഷൻ ചെയർമാൻ റവ. ഫാ. ജോസ് അഞ്ചാനിക്കൽ, ഡയറക്ടർ റവ. ഡോ. സിസ്റ്റർ ജീൻ മാത്യു എസ്എച്ച്, ജോളി മാത്യു, ഡോ. ഷിൻസി മാത്യു, മെർലിൻ മാത്യു എന്നിവർ പ്രസംഗിച്ചു.

# കോഴിക്കോട് ബീച്ചിൽ ബൈക്കുകൾ കൂട്ടിയിടിച്ചു; രണ്ടു യുവാക്കൾക്ക് ദാരുണാന്ത്യം

കോഴിക്കോട്: സൗത്ത് ബീച്ചിൽ ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് രണ്ടു യുവാക്കൾക്ക് ദാരുണാന്ത്യം. ഇന്നു പുലർച്ചെ മൂന്നിനാണ് അപകടമുണ്ടായത്. കണ്ണൂർ സ്വദേശി മർവാൻ, കോഴിക്കോട് കക്കോട് സ്വദേശി ജുബൈദ് എന്നിവരാണ് മരിച്ചത്. ബൈക്കിലുണ്ടായിരുന്ന മറ്റ് രണ്ടു യുവാക്കൾക്ക് ഗുരുതര പരിക്കേറ്റു. ഇവരെ കോഴിക്കോട് മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. ബൈക്കുകൾ അമിതവേഗത്തിലായിരുന്നുവെന്നാണ് സൂചന.

# മെക്സിക്കോയിൽ ചെറുവിമാനം തകർന്ന് ഏഴ് മരണം

മെക്സിക്കോ സിറ്റി: അടിയന്തര ലാൻഡിംഗ് നടത്താൻ ശ്രമിക്കേവേ മെക്സിക്കോയിൽ ചെറുവിമാനം തകർന്നുവീണ് ഏഴു പേർ കൊല്ലപ്പെട്ടു. വ്യവസായ മേഖലയായ സാൻ മാറ്റിയോ അറ്റെൻകോയിൽ തിങ്കാളാഴ്ച യായിരുന്നു സംഭവം. വിമാനത്തിൽ എട്ടു യാത്രികരും രണ്ടു ക്രൂ അംഗങ്ങളും ഉണ്ടായിരുന്നെങ്കിലും മണിക്കൂറുകൾ നീണ്ട തെരച്ചിലിനൊടുവിൽ ഏഴു മൃതദേഹങ്ങളാണു പുറത്തെടുക്കാൻ സാധിച്ചത്. ഫുട്ബോൾ മൈതാനത്ത് ലാൻഡ് ചെയ്യാൻ ശ്രമിക്കുന്പോൾ വിമാനം സമീപത്തുള്ള കെട്ടിടത്തിൻറെ ലോഹ മേൽക്കൂരയിൽ തട്ടി തീപിടിക്കുകയായിരുന്നു.

# നെടുങ്കണ്ടത്ത് തൊഴിലാളികളുമായി വന്ന വാഹനം മറിഞ്ഞു; 10 പേർക്കു പരിക്ക്

നെടുങ്കണ്ടം: ഇടുക്കി നെടുങ്കണ്ടത്ത് ഏലത്തോട്ടങ്ങളിലേക്ക് തമിഴ്നാട്ടിൽ നിന്നു തൊഴിലാളികളെയുമായി വന്ന ജീപ്പ് നിയന്ത്രണംവിട്ടു മറിഞ്ഞ് പത്തുപേർക്ക് പരിക്കേറ്റു. നെടുങ്കണ്ടം സന്യാസിയോടയ്ക്ക് സമീപം ഇന്നു രാവിലെയായിരുന്നു അപകടം. തമിഴ്നാട് ഉത്തമപാളയത്തു നിന്ന് ഏലത്തോട്ടത്തിലേക്കു തൊഴിലാളികളുമായി എത്തിയ വാഹനമാണ് അപകടത്തിൽപ്പെട്ടത്. കയറ്റം കയറുന്നതിനിടെ നിയന്ത്രണം നഷ്ടപ്പെട്ട വാഹനം റോഡിൽ തലകീഴായി മറിയുകയായിരുന്നു. 16 തൊഴിലാളികളാണ് വാഹനത്തിൽ ഉണ്ടായിരുന്നത്. സാരമായി പരിക്കേറ്റ രണ്ടു പേരെ തേനി മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. ഏതാനും ദിവസം മുമ്പും തൊഴിലാളികളെയുമായി വന്ന വാഹനം അപകടത്തിൽപ്പെട്ടിരുന്നു. ഇടുക്കിയിലെ ഏലത്തോട്ടങ്ങളിലേക്ക് തൊഴിലാളികളെ കുത്തി നിറച്ചാണ് അമിത വേഗത്തിൽ വാഹനങ്ങളെത്തുന്നത്. അപകടങ്ങൾ പതിവായിട്ടും ഇക്കാര്യത്തിൽ നടപടിയില്ലാതെ നിയമ ലംഘനം നിർബാധം തുടരുകയാണ്.

# സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ ജൂബിലി തീർഥാടനം നയിച്ച് മേജർ ആർച്ച്ബിഷപ്

വത്തിക്കാൻ സിറ്റി: യൂറോപ്പിലെ സീറോമലബാർ അപ്പോസ്തലിക് വിസിറ്റേഷൻറെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ വത്തിക്കാനിലെ സെൻറ് പീറ്റേഴ്സ് ബസിലിക്കയിലേക്കുള്ള ജൂബിലി തീർഥാടനത്തിന് നേതൃത്വം നൽകി. സീറോ മലബാർ മെത്രാൻ സിനഡിൻറെ സെക്രട്ടറി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, യൂറോപ്പിലെ സീറോമലബാർ വിശ്വാസികൾക്കായുള്ള അപ്പോസ്തലിക് വിസിറ്റേറ്റർ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരും വൈദികരും സമർപ്പിതരും നൂറുകണക്കിന് വിശ്വാസികളും തീർഥാടനത്തിൽ മേജർ ആർച്ച്ബിഷപ്പിനെ അനുഗമിച്ചു.സാർവത്രികസഭയോടും പ്രത്യേകിച്ച്, വിശുദ്ധ പത്രോസിൻറെ സിംഹാസനത്തോടുമുള്ള സഭാത്മക ഐക്യത്തിൻറെ പ്രകാശനമായിരുന്നു തീർഥാടനം. ആഴമായ പ്രാർഥനാഭാവത്തോടുകൂടി, മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, സെൻറ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ കവാടത്തിലൂടെ പ്രവേശിച്ച് തൻറെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന സീറോമലബാർ വിശ്വാസികൾക്കായി ദൈവത്തിൻറെ സമൃദ്ധമായ കരുണയും കൃപയും അപേക്ഷിച്ചു. ആത്മീയ നവീകരണത്തിൻറെയും പ്രത്യാശയുടെയും പ്രതീകമായ തീർഥാടനം, ജൂബിലി വർഷത്തിലെ അവിസ്മരണീയ മുഹൂർത്തമായി മാറി. തീർഥാടനത്തത്തുടർന്ന്, സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ മേജർ ആർച്ച്ബിഷപ് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവർ സഹ കാർമികത്വം വഹിച്ചു.

# 'പോറ്റിയെ കേറ്റിയേ' പാരഡി ഗാനം; കേസെടുക്കുന്നതിൽ നിയമോപദേശം തേടും

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പ് കാലയളവിൽ സാമൂഹ്യമാധ്യമങ്ങളിൽ വൈറലായ പോറ്റിയെ കേറ്റിയേ എന്ന പാരഡി ഗാനത്തിനെതിരെ ഡിജിപിക്ക് നൽകിയ പരാതിയിൽ പ്രാഥമികാന്വേഷണം. പരാതി അന്വേഷണത്തിനായി എഡിജിപിക്ക് കൈമാറി.

വൈറലായ ഗാനത്തിൽ വിശ്വാസത്തെ വ്രണപ്പെടുത്തുന്ന പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കും. കേസെടുക്കുന്നതിൽ ആശയക്കുഴപ്പം ഉണ്ടെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. കേസെടുക്കുന്നതിൽ നിയമോപദേശം തേടും.

ഗാനം അയ്യപ്പ ഭക്തരെ വേദനിപ്പിക്കുന്നതെന്നാണ് പരാതി. രാഷ്ട്രീയലാഭത്തിന് അയ്യപ്പഭക്തരെ അപമാനിക്കുംവിധമുള്ള പാട്ട് പിൻവലിക്കണമെന്നാണ് പരാതിക്കാരനായ തിരുവാഭരണ പാത സംരക്ഷണസമിതി ജനറൽ സെക്രട്ടറി പ്രസാദ് കുഴിക്കാലയുടെ ആവശ്യം.

# രാഹുലിനെതിരായ ബലാത്സംഗക്കേസ്: രണ്ടാം പ്രതി ജോബിയുടെ മുൻകൂർ ജാമ്യ ഹർജി ഇന്ന് പരിഗണിക്കും

പാലക്കാട്: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയ്ക്കെതിരായ ആദ്യ ബലാത്സംഗക്കേസിലെ രണ്ടാം പ്രതി ജോബി ജോസഫിൻറെ മുൻകൂർ ജാമ്യ ഹർജി ഇന്ന് പരിഗണിക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ഹർജി പരിഗണിക്കുന്നത്. ഗർഭഛിദ്രത്തിനുള്ള മരുന്ന് എത്തിച്ചത് രാഹുലിൻറെ സുഹൃത്തായ ജോബിയാണെന്നാണ് കേസ്. എന്നാൽ മരുന്ന് എത്തിച്ചത് യുവതി ആവശ്യപ്പെട്ടതു കൊണ്ടാണെന്നും മരുന്ന് എന്തിനുള്ളതാണെന്ന് തനിക്ക് അറിയില്ലെന്നുമാണ് ഹർജിയിൽ ജോബി ജോസഫ് പറയുന്നത്.ഗർഭഛിദ്രത്തിനുള്ള മരുന്ന് കഴിച്ച യുവതി അപകടാവസ്ഥയിലായതിനെ തുടർന്ന് രണ്ട് ആശുപത്രികളിൽ ചികിത്സ തേടിയതിൻറെ രേഖകൾ നേരത്തെ പോലീസ് കോടതിയിൽ ഹാജരാക്കിയിരുന്നു.

# പൊങ്കൽ ആഘോഷിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തമിഴ്നാട്ടിലെത്തും

ചെന്നൈ: പ്രധാനമന്ത്രി നരേന്ദ്ര മോദി പൊങ്കൽ ആഘോഷത്തിൽ പങ്കെടുക്കാൻ തമിഴ്നാട്ടിലെത്തുമെന്നു ബിജെപി. തിരുപ്പൂർ, ഈറോഡ് എന്നിവയുൾപ്പെടെ കൊങ്കു മേഖലയിലെ ഒരു ജില്ലയിൽ പൊങ്കൽ ആഘോഷിക്കാനാണു നീക്കം.

ഒരേസമയം 10, 000 വനിതകൾക്കൊപ്പമായിരിക്കും ആഘോഷം. ജനുവരി 10നോ അതിനു ശേഷമോ പ്രധാനമന്ത്രിയെത്തുമെന്നു ബിജെപി നേതാക്കൾ പറയുന്നു. രാമേശ്വരത്ത് കാശി തമിഴ് സംഗമം സമാപനച്ചടങ്ങിലും പുതുക്കോട്ടയിൽ ബിജെപി സംസ്ഥാന പ്രസിഡൻറ് നൈനാർ നാഗേന്ദ്രൻറെ നേതൃത്വത്തിലുള്ള യോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കുമെന്നാണ് വിവരം.പ്രധാനമന്ത്രിയുടെ സന്ദർശനത്തിനു മുന്നോടിയായി തമിഴ്നാട്ടിൽ എൻഡിഎ സഖ്യചർച്ചകൾക്ക് വേഗംകൂട്ടും. തെരഞ്ഞെടുപ്പ് തന്ത്രങ്ങൾക്കും ഏകോപനത്തിനും അന്തിമരൂപം നൽകുന്നതിനായി മോദി എൻഡിഎ നേതാക്കളുമായി കൂടിക്കാഴ്ചനടത്തും.

# ബ്രൗൺ ഷുഗറുമായി ആസാം സ്വദേശി എക്സൈസ് പിടിയിൽ

തൃശൂർ: ബ്രൗൺ ഷുഗറുമായി ആസാം സ്വദേശി എക്സൈസ് പിടിയിൽ. വടക്കാഞ്ചേരി ഓട്ടുപാറയിൽനിന്നു 20 ഗ്രാം ബ്രൗൺ ഷുഗറുമായാണ് നസീറൂൾ ഹുസൈൻ (29) പിടിയിലായത്. ഏകദേശം 5,00, 000 രൂപ വിപണിയിൽ വിലമതിക്കുന്ന മയക്കുമരുന്നാണ് പ്രതിയിൽ നിന്നും കണ്ടെടുത്തിട്ടുള്ളത്. ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ ഇത് "തന" എന്നാണറിയപ്പെടുന്നത്. ചെറിയ പ്ലാസ്റ്റിക് ഡപ്പികളിലാക്കി ഒരു ഡപ്പിക്ക് 500 രൂപ മുതൽ വിലയ്ക്കാണ് വിൽപ്പന നടത്തുന്നത്.

# ബോണ്ടി ബീച്ചിൽ രക്തസാക്ഷികളായി ആ ധീരദമ്പതികളും മോറിസണും

സിഡ്നി: ഓസ്ട്രേലിയയിലെ ബോണ്ടി ബീച്ചിൽ 16 പേരെ വെടിവച്ചു കൊന്ന ഭീകരരെ കീഴ്പ്പെടുത്താൻ ശ്രമിച്ച അഹമ്മദ് അൽ അഹമ്മദിനെ ഓസ്ട്രേലിയ ഹീറോയായി വാഴ്ത്തുമ്പോൾ അതേ ധീരകൃത്യം ചെയ്യാൻ ശ്രമിച്ചു ജീവൻ നഷ്ടപ്പെടുത്തിയ മറ്റു രണ്ടു പേരുടെ കഥയും ഇപ്പോൾ വാർത്തകളിൽ നിറയുന്നു. ബോറിസ് ഗുർമൻ (69), ഭാര്യ സോഫി ജൂതദമ്പതികളാണ് ധീരരക്തസാക്ഷികളായി മാറിയത്. ഭീകരനെ തടയാൻ ശ്രമിക്കുന്നതിനിടയിൽ ഇരുവരെയും അയാൾ കൊലപ്പെടുത്തുകയായിരുന്നു. ബീച്ചിലൂടെ കടന്നുപോയ ഒരു കാറിൻറെ ഡാഷ് കാമറയിലാണ് ഇവർ ജീവൻ പണയപ്പെടുത്തിയ നടത്തിയ ശ്രമങ്ങളുടെ ദൃശ്യങ്ങൾ പതിഞ്ഞത്. ബീച്ചിൽ പാർക്കിംഗ് ഏരിയയിൽ കാർ നിർത്തിയിട്ട് തോക്കുകളുമായി ആക്രമണത്തിന് ഇറങ്ങിയ സാജിദ് അക്രം എന്ന ഭീകരനെ കയറിപ്പിടിച്ച് വഴിയിലേക്കു തള്ളിയിട്ട ശേഷം തോക്കുകളിലൊന്നു പിടിച്ചെടുക്കുന്ന ബോറിസിനെ ദൃശ്യങ്ങളിൽ കാണാം.

സഹായിക്കാൻ ഭാര്യയും ബോറിസിനെ സഹായിക്കാൻ ഭാര്യ സോഫിയും ഓടിയെത്തി. എന്നാൽ, ഭീകരനെ കീഴ്പ്പെടുത്താൻ ഇവർക്ക് ആയില്ല. കൈയിൽ അവശേഷിച്ചിരുന്ന തോക്ക് ഉപയോഗിച്ച് ഭീകരൻ ഇരുവരെയും വെടിവച്ചുവീഴ്ത്തി. പിന്നീട് പുറത്തുവന്ന ഡ്രോൺ വീഡിയോ ദൃശ്യങ്ങളിൽ ഇരുവരും വെടിയേറ്റു റോഡിൽ മരിച്ചുകിടക്കുന്നത് കാണാം.

ജനുവരിയിൽ 35-ാം വിവാഹവാർഷികം ആഘോഷിക്കാനിരിക്കെയാണ് ഇരുവരുടെയും ധീരരക്തസാക്ഷിത്വം.

കാറുടമ ചൈനീസ് സാമൂഹിക മാധ്യമമായ റോഡ്നോട്ടിൽ ദൃശ്യങ്ങൾ പോസ്റ്റ് ചെയ്തതതോടെയാണ് ഇവരുടെ ധീരകൃത്യം പുറംലോകം അറിഞ്ഞത്. ഇതു തങ്ങൾക്കു ഹൃദയം തകർന്ന അനുഭവമായി. പ്രിയപ്പെട്ട ബോറിസും സോഫിയും മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ സ്വന്തം ജീവൻ നഷ്ടപ്പെടുത്തി. . . അവരുടെ വേർപാട് ഇനിയും ഉൾക്കൊള്ളാനാവുന്നില്ലെന്നു ബന്ധുക്കൾ പ്രതികരിച്ചു. റഷ്യയിൽനിന്നു കുടിയേറിയ ദമ്പതികളിൽ ബോറിസ് മുൻ മെക്കാനിക് ആണ്. സോഫിയ ഓസ്ട്രേലിയൻ പോസ്റ്റൽ വകുപ്പിൽ ജോലിക്കാരിയായിരുന്നു.

## സ്പോട്ട് അലോട്ട്മെന്റ് 18 ന്

2025 വർഷത്തെ ബി എസ് സി അലൈഡ് ഹെൽത്ത് സയൻസ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് ഡിസംബർ 16-ന് നടത്തിയ അലോട്ട്മെന്റ് ചില സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി. 2025 വർഷത്തെ ബി എസ് സി അലൈഡ് ഹെൽത്ത് സയൻസ് കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 18-ന് എൽ ബി എസ് സെന്ററിന്റെ വിവിധ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നടത്തും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ അന്നേ ദിവസം രാവിലെ 10.30 നകം എൽ.ബി.എസ്. സെന്ററിന്റെ ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകളിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്താൽ മാത്രമേ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

അലോട്ട്മെന്റുകളിലൂടെ കോളേജുകളിൽ പ്രവേശനം നേടിയ അപേക്ഷാർത്ഥികൾ നിരാക്ഷേപപത്രം ഓൺലൈനായി സമർപ്പിക്കണം. ഒഴിവുകളെ സംബന്ധിച്ച വിവരങ്ങൾ ഠഠഠ.ഹയരെലിൃേല.സലൃമഹമ.ഴീ.ശി ൽ അലോട്ട്മെന്റിന് മുൻപ് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റ് ലഭിയ്ക്കുന്ന പക്ഷം ടോക്കൺ ട്യൂഷൻ ഫീസ് അന്ന് തന്നെ ഓൺലൈൻ മുഖാന്തിരം അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560361, 362, 363, 364,

## ഓവർസീസ് സ്കോളർഷിപ്പ്: ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അപേക്ഷിക്കാം

വിദേശ രാജ്യങ്ങളിൽ ഉന്നതപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ അർഹരായ ട്രാൻസ്ജെൻഡർ വ്യക്തികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷയും വിശദവിവരങ്ങളും www.sjd.kerala.gov.in ൽ ലഭ്യമാണ്. അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഡിസംബർ 22 വൈകുന്നേരം 5 ന് മുൻപായി സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2306040.

## അനസ്തെറ്റിസ്റ്റ് നിയമനം

തിരുവനന്തപുരം സർക്കാർ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊജക്ടിലെ അനസ്തെറ്റിസ്റ്റ് തസ്തികയിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അനസ്തേഷ്യോളജിയിൽ എം.ഡി/ഡി.എൻ.ബിയും രണ്ട് വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. യോഗ്യരാവർ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഡിസംബർ 22 രാവിലെ 11ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

# ചരിത്രത്തിൽ ഇതാദ്യം: അണ്ടർവാട്ടർ ഡ്രോൺ ആക്രമണത്തിൽ റഷ്യൻ മുങ്ങിക്കപ്പൽ തകർന്നു

യുക്രെയ്നിലെ സുരക്ഷാ സർവീസ് വികസിപ്പിച്ചെടുത്ത അത്യാധുനിക അണ്ടർവാട്ടർ ഡ്രോണായ 'സബ് സീ ബേബി' ഉപയോഗിച്ച് റഷ്യൻ നാവിക സേനയുടെ കരിങ്കടലിലെ തന്ത്രപ്രധാനമായ കിലോ-ക്ലാസ് ആക്രമണ മുങ്ങിക്കപ്പലിന് നേരെ ആക്രമണം നടത്തി.

റഷ്യ തങ്ങളുടെ കപ്പലുകളെ യുക്രേനിയൻ ആക്രമണങ്ങളുടെ പരിധിയിൽ നിന്ന് മാറ്റാൻ ഉപയോഗിക്കുന്ന പ്രധാന താവളങ്ങളിലൊന്നായ നോവോറോസിയസ്ക് തുറമുഖത്താണ് ഈ പ്രഹരം ഏൽപ്പിച്ചത്.

കടലിനടിയിലൂടെ സഞ്ചരിക്കുന്ന ഡ്രോൺ ഉപയോഗിച്ച് മുങ്ങിക്കപ്പലിനെ നിഷ്ക്രിയമാക്കുന്നത് ചരിത്രത്തിൽ ഇതാദ്യമായാണെന്ന് യുക്രേനിയൻ പ്രസിഡൻറ് വോളോഡിമിർ സെലെൻസ്കിയുടെ ഉപദേഷ്ടാവ് അലക്സാണ്ടർ കാമിഷിൻ സ്ഥിരീകരിച്ചു.

ഈ ഓപ്പറേഷൻറെ ഭാഗമായി, മുങ്ങിക്കപ്പലും മറ്റ് കപ്പലുകളും അടുത്തിരുന്ന പിയറിന് സമീപം വെള്ളത്തിനടിയിൽ നിന്ന് ഒരു വലിയ സ്ഫോടനം ഉണ്ടാകുന്ന ദൃശ്യങ്ങൾ സബ് സീ ബേബി പുറത്തുവിടുകയുണ്ടായി. ഈ വീഡിയോയുടെ സ്ഥാനം തുറമുഖത്തിൻറെ മാപ്പുമായി ഒത്തുനോക്കി പ്രമുഖ അന്താരാഷ്ട്ര വാർത്താ ഏജൻസിയായ റോയിട്ടേഴ്സ് സ്ഥിരീകരിച്ചിട്ടുണ്ട്.

നാവികസേനയുടെ കാര്യത്തിൽ റഷ്യയെ അപേക്ഷിച്ച് വളരെ പിന്നിലാണെങ്കിലും, യുക്രെയ്ൻ തദ്ദേശീയമായി നിർമ്മിച്ച കടൽ ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ച് റഷ്യയുടെ കരിങ്കടൽ കപ്പൽവ്യൂഹത്തെ നിരന്തരം ആക്രമിക്കുകയും, അധിനിവേശ ക്രിമിയയിലെ സെവാസ്റ്റോപോൾ പോലുള്ള പ്രധാന തുറമുഖങ്ങളിൽ നിന്ന് പിൻവാങ്ങാൻ റഷ്യൻ സേനയെ നിർബന്ധിക്കുകയും ചെയ്തിരുന്നു.

ഈ ആക്രമണങ്ങളെ തുടർന്നാണ് റഷ്യ തങ്ങളുടെ പല യുദ്ധക്കപ്പലുകളും ക്രിമിയയിൽ നിന്ന് റഷ്യയുടെ തെക്കൻ ഭാഗത്തുള്ള നോവോറോസിയസ്കിലേക്ക് മാറ്റിയത്. ഈ ആക്രമണത്തിന് ഇരയായ ഡീസൽ-ഇലക്ട്രിക് മുങ്ങിക്കപ്പലും ഇത്തരത്തിൽ മാറ്റിയ കപ്പലുകളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു.

## ബോണ്ടി ബീച്ച് ആക്രമണം; പരിക്കേറ്റവരിൽ മൂന്ന് ഇന്ത്യൻ വിദ്യാർഥികളും

സിഡ്നി: ഓസ്ട്രേലിയയിലെ ബോണ്ടി ബീച്ചിലെ ആക്രമണത്തിൽ പരിക്കേറ്റ 40 പേരിൽ മൂന്ന് പേർ ഇന്ത്യൻ വിദ്യാർഥികളെന്ന് റിപ്പോർട്ട്. ഇവരിൽ രണ്ടുപേർ ചികിത്സയിലാണ്. ഇവരുടെ പേര് വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. 10 വയസുള്ള കുട്ടിയുൾപ്പെടെ 15 പേരാണ് ആക്രമണത്തിൽ കൊല്ലപ്പെട്ടത്. പരിക്കേറ്റവരിൽ അഞ്ചുപേരുടെ നില ഗുരുതരമാണ്. അതേസമയം, ആക്രമികളിൽ ഒരാളായ സാജിദ് അക്രം ഹൈദരാബാദ് സ്വദേശിയാണെന്ന വിവരം തെലങ്കാന പോലീസ് പുറത്തുവിട്ടിരുന്നു.

27 വർഷം മുമ്പ് ഓസ്ട്രേലിയയിലേക്ക് കുടിയേറിയ ഇയാൾക്ക് ഹൈദരാബാദിലെ കുടുംബവുമായി നാമമാത്ര ബന്ധമേ ഉണ്ടായിരുന്നുള്ളൂവെന്ന് തെലങ്കാന ഡിജിപിയുടെ ഓഫിസ് അറിയിച്ചു. സാജിദ് അക്രം 1998 നവംബറിൽ സ്റ്റുഡൻറ് വീസയിൽ ഓസ്ട്രേലിയയിലേക്ക് കുടിയേറി. ഇന്ത്യയിലുണ്ടായിരുന്ന കാലയളവിൽ സാജിദ് അക്രമിന് യാതൊരു ക്രിമിനൽ പശ്ചാത്തലവും ഇല്ലെന്നും തെലങ്കാന പോലീസ് പറഞ്ഞു. 27 വർഷത്തിനിടെ അയാൾ ഇന്ത്യ സന്ദർശിച്ചത് ആറ് തവണ മാത്രമാണെന്നും പോലീസ് വ്യക്തമാക്കി.

## വാക്ക് – ഇൻ – ഇന്റർവ്യൂ

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ മെക്കാനിക്കൽ എൻജിനിയറിങ് ആന്റ് സിവിൽ എൻജിനിയറിങ് അപ്രന്റിസുകളുടെ നിയമനത്തിന് ഡിസംബർ 24 ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

## സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. അടുത്ത മൂന്ന് മണിക്കൂറിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഇന്ന് മുതൽ 19-ാം തീയതി വരെ തെക്കൻ തമിഴ്നാട് തീരം, ഗൾഫ് ഓഫ് മാന്നാർ അതിനോട് ചേർന്ന കന്യാകുമാരി പ്രദേശം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

## വനിതാ കമീഷൻ സിറ്റിംഗ് വേദി മാറ്റി

സംസ്ഥാന വനിത കമ്മീഷൻ ഡിസംബർ 19ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന സിറ്റിംഗ് ജില്ലാ പഞ്ചായത്ത് ഹാളിലേക്ക് മാറ്റി. രാവിലെ 10ന് ആരംഭിക്കുന്ന കമ്മീഷൻ സിറ്റിങ്ങിൽ പുതിയ പരാതികളും സ്വീകരിക്കും.

# പാലാ നഗരസഭ ചെയർമാൻ: പുളിക്കക്കണ്ടം ജനകീയ സഭ തീരുമാനിക്കും

കോട്ടയം: പാലാ നഗരസഭയിൽ സ്വതന്ത്ര കൂട്ടായ്മയിൽ വിജയിച്ച ബിനു പുളിക്കക്കണ്ടം, സഹോദരൻ ബിജു പുളിക്കകണ്ടം, ബിനുവിൻറെ മകൾ ദിയ പുളിക്കകണ്ടം എന്നിവർ ഭാവി പ്രവർത്തനങ്ങൾക്കും രാഷ്ട്രീയ തീരുമാനങ്ങൾക്കുമായി ജനസഭ വിളിച്ചു ചേർക്കും.

ഇവരുടെ മൂന്നു വാർഡുകളുടെയും സംയുക്ത ജനസഭ 21നു വൈകുന്നേരം ആറിനു പാലാ മുരിക്കുംപുഴ പുളിക്കകണ്ടത്തിൽ ഓർച്ചാർഡ് റിവർമാൻഷൻ ഓഡിറ്റോറിയത്തിൽ നടത്തും.

ജനകീയ സഭയിൽ വൻ ജനപങ്കാളിത്തമാണ് ഇവർ പ്രതീക്ഷിക്കുന്നത്. സ്വതന്ത്ര കൂട്ടായ്മ കൗൺസിലേഴ്സിൻറെ ഭാവി പ്രവർത്തന പരിപാടികൾക്ക് അഭിപ്രായ സമന്വയത്തിലൂടെ തീരുമാനത്തിലെത്താനാണ് ജനസഭ വിളിച്ചിരിക്കുന്നത്.എൽഡിഎഫിനും യുഡിഎഫിനും ഭൂരിപക്ഷമില്ലാത്ത നഗരസഭയിൽ സ്വതന്ത്ര കൂട്ടായ്മ നിർണായകമാണ്. എൽഡിഎഫിൻറെയും യുഡിഎഫിൻറെയും നേതാക്കൾ ഇവരുമായി നിരന്തരം ചർച്ചകൾ തുടരുകയുമാണ്. മൂന്നു പേർക്കെതിരെയും യുഡിഎഫ് സ്ഥാനാർഥികളെ നിർത്തിയിരുന്നില്ല. അതിനാൽ യുഡിഎഫിനെ മൂന്നുപേരും പിന്തുണയ്ക്കുമെന്നാണ് യുഡിഎഫ് നേതൃത്വത്തിൻറെ പ്രതീക്ഷ.

ഇതിനിടയിൽ പാലാ എംഎൽഎ മാണി സി. കാപ്പൻ മുൻകൈയെടുത്ത് നഗരസഭയിൽ പുതിയ ഫോർമുല വച്ചതായാണ് സൂചന. ആദ്യ രണ്ടര വർഷം ബിനുവിൻറെ മകൾ ദിയ ചെയർമാനാകും. തുടർന്നുള്ള രണ്ടര വർഷം കോൺഗ്രസ് പുറത്താക്കിയ സ്വതന്ത്രയായി വിജയിച്ച മായാ രാഹുൽ ചെയർപേഴ്സണാകും. അഞ്ചു വർഷവും ബിനു പുളിക്കകണ്ടം വൈസ് ചെയർമാനും. എന്നാൽ ഈ തീരുമാനത്തോട് നഗരസഭയിലെ കോൺഗ്രസ് അംഗങ്ങൾ വിയോജിച്ചു. അവർക്കും ചെയർപേഴ്സൺ പദവി വേണമെന്നാണ് ആവശ്യം. ജോസഫ് ഗ്രൂപ്പിനും രണ്ടു പ്രതിനിധികളുണ്ട്. ഇവരും ഒരു വർഷം ചെയർമാൻ സ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ എംഎൽഎയുടെ നേതൃത്വത്തിൽ സമവായ ചർച്ചകൾ നടന്നു വരുകയാണ്. എൽഡിഎഫ് നേതൃത്വം ബിനു പുളിക്കകണ്ടത്തെ സമീപിച്ചെങ്കിലും ജോസ് കെ. മാണിയോടുള്ള എതിർപ്പു മൂലം ബിനു തുടർ ചർച്ചകൾക്ക് തയാറായില്ല. ഉചിതമായ സമയത്ത് ഉചിതമായ തീരുമാനമുണ്ടാകുമെന്നാണ് ജോസ് കെ. മാണി ചൊവ്വാഴ്ച പ്രതികരിച്ചത്.

# അമേരിക്കയിലേക്കുള്ള യാത്രാ വിലക്ക് കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ച് ട്രംപ്

വാഷിംഗ്ടൺ ഡിസി: സിറിയ ഉൾപ്പെടെ ഏഴ് രാജ്യങ്ങളുടെ പൗരന്മാർക്കും പാലസ്തീനിയൻ അഥോറിറ്റി പാസ്പോർട്ട് കൈവശമുള്ളവർക്കും യുഎസിലേക്കുള്ള പ്രവേശനം ഇനി അനുവദിക്കില്ലെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

അമേരിക്കൻ പൗരന്മാർക്ക് ഭീഷണിയാകുന്ന തരത്തിലുള്ള വിദേശികളെ രാജ്യത്തേക്ക് പ്രവേശിപ്പിക്കരുതെന്ന നിലപാടിലാണ് തീരുമാനം.

കൂടാതെ യുഎസിൻറെ സംസ്കാരം, സർക്കാർ, സ്ഥാപനങ്ങൾ, ഭരണഘടനാപരമായ മൂല്യങ്ങൾ എന്നിവയെ അസ്ഥിരപ്പെടുത്താൻ സാധ്യതയുള്ളവരെയും തടയുമെന്ന് വൈറ്റ് ഹൗസ് പുറത്തിറക്കിയ പ്രഖ്യാപനത്തിൽ വ്യക്തമാക്കി. സിറിയയിൽ രണ്ട് യുഎസ് സൈനികരും ഒരു പൗരനും കൊല്ലപ്പെട്ട സംഭവത്തിന് പിന്നാലെയാണ് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിൻറെ നടപടി.

പുതിയ വിലക്ക് ഏർപ്പെടുത്തിയ രാജ്യങ്ങളിൽ ആഫ്രിക്കയിലെ ഏറ്റവും ദരിദ്ര രാജ്യങ്ങളായ ബർക്കിന ഫാസോ, മാലി, നൈജർ, സിയറ ലിയോണെ, സൗത്ത് സുഡാൻ എന്നിവയും തെക്കുകിഴക്കൻ ഏഷ്യയിലെ ലാവോസും ഉൾപ്പെടുന്നു. സമീപകാലങ്ങളിൽ ആഫ്രിക്കൻ വംശജരായ കുടിയേറ്റക്കാർരെതിരെ കടുത്ത നിലപാടാണ് ട്രംപ് സ്വീകരിച്ചു വരുന്നത്.

# പസഫിക് സമുദ്രത്തിൽ യുഎസ് സൈന്യം മൂന്നു ബോട്ടുകൾ ആക്രമിച്ചു

വാഷിംഗ്ടൺ ഡിസി: പസഫിക് സമുദ്രത്തിൽ യുഎസ് സൈന്യം മൂന്നു ബോട്ടുകൾ ആക്രമിച്ചു. ലഹരിമരുന്നു കടത്ത് ആരോപിച്ചാണ് ബോട്ടുകളെ യുഎസ് ആക്രമിച്ചത്.

യുഎസ് പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തിൻറെ നിർദേശത്തെ തുടർന്നാണ് ആക്രമണം നടത്തിയതെന്നും എട്ടു പേർ കൊല്ലപ്പെട്ടെന്നും യുഎസ് സതേൺ കമാൻഡ് അറിയിച്ചു.

ലഹരി കടത്ത് സംഘങ്ങൾക്കെതിരെ സെപ്റ്റംബർ രണ്ടിന് ആരംഭിച്ച പ്രവർത്തനങ്ങളുടെ തുടർച്ചയാണെന്നും നടപടി തുടരുമെന്നും ട്രംപ് ഭരണകൂടം വ്യക്തമാക്കി. ലഹരിമരുന്നു കടത്ത് സംഘങ്ങൾക്കു നേരെയുള്ള നടപടിയെ കുറിച്ച് വിശദീകരിക്കാൻ സെനറ്റർമാരുടെ യോഗം ചേരുമെന്ന് യുഎസ് സെനറ്റ് മൈനോറിറ്റി ലീഡർ ചക്ക് ഷുമ്മർ അറിയിച്ചു.

ലഹരിമരുന്നു കടത്ത് ആരോപിച്ച് വെനസ്വേലയ്ക്കെതിരെ യുഎസ് നടപടി കടുപ്പിച്ചിരിക്കുകയാണ്. കരീബിയൻ കടലിലേക്ക് ആയിരക്കണക്കിന് സൈനികരെയും വിമാന വാഹിനിക്കപ്പൽ വ്യൂഹത്തെയും അയച്ചതും വെനസ്വേല പ്രസിഡൻറ് നിക്കോളാസ് മഡുറോയ്ക്കെതിരെ ആവർത്തിച്ചുള്ള ഭീഷണികളും ഇതിൻറെ ഭാഗമാണെന്നാണ് വിലയിരുത്തൽ.

# ആകാശവിസ്മയം കാത്തു ഗവേഷകർ; വാൽനക്ഷത്രം 19ന് ഭൂമിയുടെ അടുത്തേക്ക്

ലണ്ടൻ: ആകാശവിസ്മയം കാത്ത് ഗവേഷകർ; 3I/ATLAS വാൽനക്ഷത്രം 19ന് ഭൂമിയുടെ അടുത്തെത്തും. ആകാശത്തെ മഹാസംഭവം നിരീക്ഷിക്കാനുള്ള തയാറെടുപ്പുകൾ നടത്തിക്കഴിഞ്ഞു ശാസ്ത്രലോകം. അത്യപൂർവമായ ഒരു വാൽനക്ഷത്രം ഭൂമിക്കരികിലൂടെ പറക്കും. 3I/ATLAS എന്നു പേരിട്ടിരിക്കുന്ന ധൂമകേതുവിൻറെ യാത്ര സുരക്ഷിതമാണെന്നും ഭൂമിയെ ഇതു ബാധിക്കില്ലെന്നും ശാസ്ത്രജ്ഞർ പറഞ്ഞു.

യൂറോപ്യൻ ബഹിരാകാശ ഏജൻസി (ESA) യുടെ റിപ്പോർട്ട് പ്രകാരം ഏകദേശം 1.8 ആസ്ട്രോണമിക്കൽ യൂണിറ്റ് (ഏകദേശം 270 ദശലക്ഷം കിലോമീറ്റർ അല്ലെങ്കിൽ 168 ദശലക്ഷം മൈൽ) അകലെയായിരിക്കും വാൽനക്ഷത്രം കടന്നുപോകുക. ചിലിയിൽ നാസയുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന അറ്റ്ലസ് ടെലിസ്കോപ്പ് ആണ് 2023 ജൂലൈ ഒന്നിനു വാൽനക്ഷത്രത്തെ കണ്ടെത്തിയത്. 2017ൽ 1I/Oumuamua, 2019ൽ 2I/Boriosv നും ശേഷം നമ്മുടെ സൗരയൂഥത്തിലൂടെ കടന്നുപോകുന്ന മൂന്നാമത്തെ സ്ഥിരീകരിച്ച ഇൻറർസ്റ്റെല്ലാർ വസ്തുവാണിത്. നമ്മുടെ സൗരയൂഥത്തിന് അപ്പുറത്തുനിന്നാണ് വന്നതെന്നും ബഹിരാകാശത്തേക്കു തിരികെ പോകുമെന്നും സ്പേസ് ഏജൻസി സ്ഥിരീകരിക്കുന്നു.

**നേരിട്ടു കാണാൻ കഴിയില്ല**

കൗതുകരമായ നിരവധി വിവരങ്ങൾ ധൂമകേതുവിനെക്കുറിച്ചു ഗവേഷകർ പങ്കുവയ്ക്കുന്നു. ഭൂമിയോട് അടുക്കുന്പോൾ നക്ഷത്രാന്തര വസ്തുവിനു പച്ച നിറമാകുന്നുവെന്നാണ് ഗവേഷകർ പറയുന്നത്. ജെമിനി നോർത്ത് ടെലിസ്കോപ്പ് പകർത്തിയ ചിത്രത്തിൽനിന്നാണ് ധൂകേതു പച്ചനിറം പ്രാപിക്കുന്നതു കണ്ടെത്തിയത്.

നഗ്നനേത്രങ്ങൾക്ക് ഈ ധൂമകേതു ദൃശ്യമാകില്ല. ഭൂമിക്കു ഭീഷണി സൃഷ്ടിക്കുന്നതുമല്ലെന്നും ഗവേഷകർ പറയുന്നു. നമ്മുടെ സൗരയൂഥത്തിലൂടെ കടന്നുപോകുന്പോൾ, സൂര്യതാപമേൽക്കുന്നതിനാൽ മഞ്ഞുമൂടിയ കാമ്പിൽനിന്നു പുറന്തള്ളുന്ന പൊടിയും വാതകങ്ങളും സൂക്ഷ്മമായി പഠിക്കാൻ ശാസ്ത്രജ്ഞർക്കു വലിയ അവസരമാണ് ലഭിക്കുന്നത്. ഇതു നമ്മുടെ സ്വന്തം ഗ്രഹവ്യവസ്ഥയ്ക്കു പുറത്തുള്ള ഗ്രഹങ്ങളുടെ ഘടനയെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകിയേക്കാം. ഹബിൾ ബഹിരാകാശ ദൂരദർശിനി ( Hubble Space Telescope) യും ജൂപ്പിറ്റർ ദൗത്യ ( JUICE Jupiter mission) വും അടുത്തിടെ വാൽനക്ഷത്രത്തിൻറെ പുതിയ ചിത്രങ്ങൾ പങ്കിട്ടിരുന്നു. ഡിസംബർ 18ന് രാത്രി 11 മുതൽ 19,പുലർച്ചെ നാലുവരെ വെർച്വൽ ടെലിസ്കോപ്പ് പ്രോജക്റ്റ് ഹോസ്റ്റ് ചെയ്യുന്ന സൗജന്യ ലൈവ് സ്ട്രീം വഴി ധൂമകേതുവിനെ നിരീക്ഷിക്കാം.

## ഗോവ തീപിടിത്തം; നിശാക്ലബ് ഉടമകളെ ഇന്നു ഗോവയിലെത്തിക്കും

ന്യൂഡൽഹി: ഗോവയിൽ തീപിടിത്തമുണ്ടായ നിശാക്ലബിൻറെ ഉടമകളും ഡൽഹി സ്വദേശികളുമായ സൗരഭ് ലൂത്ര, ഗൗരവ് ലൂത്ര എന്നിവരെ ഇന്നു ഗോവയിലെത്തിക്കും. ഗോവ പോലീസിൻറെ ആവശ്യം പരിഗണിച്ചാണ് ഉത്തരവ്. ഡൽഹി പട്യാല ഹൗസ് കോടതി രണ്ട് ദിവസത്തെ ട്രാൻസിറ്റ് റിമാൻഡിൽ വിട്ടതോടെയാണിത്.

25 പേരുടെ മരണത്തിനിടയാക്കിയ അപകടത്തിനു പിന്നാലെ ഇവർ തായ്‌ലൻഡിലേക്കു കടന്നിരുന്നു. ഇന്നലെ ഡൽഹിയിലെത്തിയ ഇവരെ ഗോവ പോലീസ് അറസ്റ്റ് ചെയ്തു. ഇന്ത്യയുടെ ആവശ്യപ്രകാരം കഴിഞ്ഞ 11നാണ് തായ്‌ലൻഡ് പോലീസ് ഇവരെ അറസ്റ്റ് ചെയ്തത്.

## പാലിയേക്കര ടോൾ പിരിവ്; സുപ്രീം കോടതി ഇന്ന് ഹർജി പരിഗണിക്കും

ന്യൂഡൽഹി: തൃശൂർ പാലിയേക്കര ടോൾ പിരിവ് പുനഃരാരംഭിക്കാൻ ഹൈക്കോടതി അനുമതി നൽകിയ ഉത്തരവ് ചോദ്യം ചെയ്തുള്ള ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. ഒക്ടോബർ 17ന് ആണ് പാലിയേക്കരയിൽ ടോൾ പിരിവ് പുനഃരാരംഭിക്കാൻ ഹൈക്കോടതി അനുമതി നൽകിയത്.

ജസ്റ്റിസുമാരായ വിക്രംനാഥ്, സന്ദീപ് മേത്ത എന്നിവരുടെ ബെഞ്ചാണ് ഹർജി പരിഗണിക്കുക. ഗതാഗതം സുഗമമാകാതെ ടോൾ പിരിക്കരുതെന്ന സുപ്രീം കോടതിയുടെ മുൻവിധി ലംഘിച്ചാണ് ഹൈക്കോടതി തീരുമാനം എടുത്തതെന്ന് ഹർജിയിൽ ആരോപിക്കുന്നു.

ഗതാഗതയോഗ്യമല്ലാതെ ടോൾ പിരിക്കുന്നത് പൊതുതാത്പര്യത്തിന് വിരുദ്ധമാണെന്നാണ് ഹർജിക്കാരൻ ഷാജി കോടങ്കണ്ടത്തിൻറെ പ്രധാന വാദം.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# പാനൂരിലെ വടിവാൾ ആക്രമണം; അഞ്ച് സിപിഎം പ്രവർത്തകർ മൈസൂരുവിൽ അറസ്റ്റിൽ

തലശേരി: പാനൂർ പാറാട്ട് ആഹ്ലാദ പ്രകടനത്തിനിടെയുണ്ടായ സംഘർഷത്തിൽ പോലീസ് വാഹനം തകർക്കുകയും മുസ്‌ലിം ലീഗ് ഓഫീസ് ആക്രമിക്കുകയും വടിവാൾ ഉയർത്തി ഭീഷണി ഉയർത്തുകയും ചെയ്ത സംഘത്തിലെ പ്രതികളായ അഞ്ച് സിപിഎം പ്രവർത്തകരെ കർണാടകയിലെ ഒളിയിടത്തിൽ നിന്ന് പോലീസ് അറസ്റ്റുചെയ്തു.

ദൃശ്യമാധ്യമങ്ങളിലും സോഷ്യൽ മീഡിയയിലും വൈറലായി മാറിയ പാറാട്ടെ വടിവാൾ പ്രയോഗം നടത്തിയ പാറാട്ട് മൊട്ടേമ്മൽ ശരത്ത് (29), കുങ്കിച്ചീൻറവിട അതുൽ (32), പുത്തൂർ കല്ലായിൻറവിട അശ്വന്ത് (25), പട്ടർ വലിയത്ത് ശ്രീജിൻ (24), ശ്രുതിലയത്തിൽ ശ്രേയസ് (26) എന്നിവരെയാണ് കൂത്തുപറമ്പ് എസിപി എം. പി. ആസാദിൻറെ നേതൃത്വത്തിലുള്ള പോലീസ് സംഘം മൈസൂർ ബോഘാടിയയിൽ നിന്ന് അറസ്റ്റ് ചെയ്തത്.

കർണാടകയിലേക്കു കടന്ന പ്രതികളെ പോലീസ് പിന്തുടർന്ന് പിടികൂടുകയായിരുന്നു. പ്രതികളെ വിശദമായി ചോദ്യംചെയ്തശേഷം ഇന്ന് കോടതിയിൽ ഹാജരാക്കും. തുടർന്ന് കസ്റ്റഡിയിൽ വാങ്ങി ആയുധങ്ങൾ കണ്ടെടുക്കുകയും തെളിവെടുപ്പു നടത്തുകയും ചെയ്യുമെന്നു പോലീസ് അറിയിച്ചു.

തെരഞ്ഞെടുപ്പുഫലം വന്ന ദിവസം ആഹ്ലാദപ്രകടനത്തിനിടെയാണു പാറാട്ട് അക്രമസംഭവങ്ങൾ അരങ്ങേറിയത്. സംഘർഷത്തിൽ നിരവധി പേർക്ക് പരിക്കേറ്റിരുന്നു. മുഖ്യപ്രതി ശരത്ത് വാളുമായി ഒരു വീട്ടിൽ അതിക്രമിച്ചു കയറുകയും ഗൃഹനാഥനു നേരെ വാളുയർത്തുകയും ചെയ്യുന്ന ചിത്രം പുറത്തു വന്നിരുന്നു. സംഭവത്തിൽ പ്രതികളായ നാല് സിപിഎം പ്രവർത്തകരെ നേരത്തെ പോലീസ് അറസ്റ്റ്ചെയ്തിരുന്നു. ജീവൻ (30), റനീഷ് (31), ശ്രീജു (30), സച്ചിൻ (32) എന്നിവരെയാണ് നേരത്തെ കൊളവല്ലൂർ പോലീസ് അറസ്റ്റ് ചെയ്തത്. അമ്പതോളം സിപിഎം പ്രവർത്തകർക്കെതിരേയാണു സംഭവത്തിൽ പോലീസ് കേസെടുത്തിരിക്കുന്നത്.

പാറാട്ടെ അക്രമത്തിൽ യുഡിഎഫ് പ്രവർത്തകർക്കെതിരേയും പോലീസ് കേസെടുക്കുകയും പ്രതികൾക്കായി റെയ്ഡ് നടത്തുകയും ചെയ്തു.

# അഹമ്മദ് രാജ്യത്തിൻെറ ഹീറോ: ആൽബനീസ്

സിഡ്നി: ഭീകരരിലൊരാളെ മൽപ്പിടിത്തത്തിലൂടെ കീഴ്പ്പെടുത്തിയ അഹമ്മദ് അൽ അഹമ്മദിനെ (42) പ്രധാനമന്ത്രി ആന്തണി ആൽബനീസ് ആശുപത്രിയിൽ സന്ദർശിച്ചു. സിറിയയിൽ ജനിച്ച പഴക്കച്ചവടക്കാരനായ അഹമ്മദിന് ഇന്ന് കൂടുതൽ ശസ്ത്രക്രിയ നടത്തുമെന്ന് ആൽബനീസ് അറിയിച്ചു. അഹമ്മദ് ഓസ്ട്രേലിയയുടെ യഥാർഥ ഹീറോയാണെന്ന് പ്രധാനമന്ത്രി പ്രശംസിച്ചു.

അഹമ്മദിനെ കാണാൻ സാധിച്ചത് വലിയ ബഹുമതിയാണ്. അദ്ദേഹം യഥാർഥ ഓസ്ട്രേലിയൻ ഹീറോയാണ്. ഓസ്ട്രേലിയ ധീരരാജ്യമാണ്. രാജ്യത്തിൻറെ ഏറ്റവും മികച്ച പ്രതിനിധാനമാണ് അൽ അഹമ്മദ്. ഈ രാജ്യത്തെ വിഭജിക്കാൻ നമ്മൾ അനുവദിക്കില്ല. ഭീകരർ ആഗ്രഹിക്കുന്നത് അതാണ്. ഞങ്ങൾ പരസ്പരം ആശ്ലേഷിക്കുകയും ഇതിനെ മറികടക്കുകയും ചെയ്യുമെന്ന് ആൽബനീസ് കൂട്ടിച്ചേർത്തു.

അഹമ്മദിനും അദ്ദേഹത്തിൻറെ മാതാപിതാക്കൾക്കും ഒപ്പം പ്രധാനമന്ത്രി 30 മിനിറ്റ് നേരമാണ് ആശുപത്രിയിൽ ചെലവഴിച്ചത്. ആക്രമണത്തിനിടെ രക്ഷാപ്രവർത്തനം നടത്തിയ ബോണ്ടി ബീച്ചിലെ ലൈഫ് ഗാർഡുകളും അഭിനന്ദനങ്ങൾക്ക് അർഹരായി. വെടിവയ്പിനിടെ കടലിലേക്ക് ഓടിയിറങ്ങിയ ആളുകളെ രക്ഷപ്പെടുത്തിയാണ് ഇവർ ഹീറോകളായത്.

## ക്വിസ് മത്സരം: 30 വരെ അപേക്ഷിക്കാം

കേരള നിയമസഭയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിനോടനുബന്ധിച്ച് ജനുവരി 8, 9, 10 തീയതികളിൽ നിയമസഭാ സമുച്ചയത്തിൽ ഹൈസ്കൂൾ - ഹയർസെക്കണ്ടറി തലം, കോളേജ് തലം, പൊതുജനങ്ങൾ എന്നീ വിഭാഗങ്ങളിലായി സംഘടിപ്പിക്കുന്ന ക്വിസ് മത്സരങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഡിസംബർ 30 ആയി ദീർഘിപ്പിച്ചു. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും klibf.niyamasabha.org സന്ദർശിക്കുക.

# ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങളുടെ തട്ടിപ്പ്; പത്തു വർഷമായി ഒളിവിലായിരുന്ന പ്രതി പിടിയിൽ

നിലമ്പൂർ: ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയശേഷം പത്തുവർഷം ഒളിവിലായിരുന്ന പ്രതിയെ കർണാടകയിൽ നിന്നു പിടികൂടി നിലമ്പൂർ പോലീസ്. കഴിഞ്ഞ ജനുവരിയിൽ നിലമ്പൂർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലെ രണ്ടാം പ്രതിയായ രവി ബൻസാലിനെയാണ് കർണാടക ദാവൺഗരെയിൽ നിന്നു പിടികൂടിയത്. ആലപ്പുഴ നോർത്ത് കനാൽ വാർഡിലെ കടവിക്കൽ വീട്ടിൽ വിനോദ് വി. ജോൺ (36) എന്നാണ് ഇയാളുടെ യഥാർഥ പേര്. ജോലി നൽകാമെന്നു പറഞ്ഞ് ഒരു ലക്ഷം രൂപ തട്ടിയെടുത്തു എന്നാണ് പരാതിയെങ്കിലും ഇയാൾ പിടിയിലായതറിഞ്ഞ് മറ്റു നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഇയാളുടെ തട്ടിപ്പിനിരയായവർ വിളിക്കുന്നുണ്ടെന്നും പോലീസ് പറഞ്ഞു. നിലവിൽ 25 ലക്ഷത്തോളം രൂപ ഇയാൾ തട്ടിയെടുത്തുവെന്നാണ് പരാതി.

പരാതിക്കാരുടെ മൊഴി പോലീസ് എടുത്തിട്ടുണ്ട്. ഇയാളുടെ യഥാർഥ മേൽവിലാസത്തിൽ രേഖകളൊന്നും ഇല്ലെന്നും കഴിഞ്ഞ പത്തു വർഷത്തോളമായി വീട്ടുകാർക്ക് ഇദ്ദേഹത്തെക്കുറിച്ച് ഒരു വിവരവുമില്ലെന്നുമാണ് പോലീസ് പറയുന്നത്. വിവിധ പേരുകളിൽ തിരിച്ചറിയൽ രേഖകൾ ഉണ്ടാക്കിയാണ് ഇയാൾ തട്ടിപ്പ് നടത്തുന്നത്.

ആളുകളെ പരിചയപ്പെട്ട് അവരുടെ പേരിൽ സിംകാർഡെടുത്ത് ഫോൺ ഉപയോഗിക്കുകയും പിന്നീട് ഇത് ഉപേക്ഷിക്കുകയും ചെയ്യുന്നതാണ് ഇയാളുടെ രീതി. ഒരു തരത്തിലും പിടിക്കപ്പെടാനുള്ള അവസരം നൽകാത്ത വിധം തന്ത്രപൂർവമാണ് വിനോദ് വി. ജോൺ തട്ടിപ്പുകൾ ആസൂത്രണം ചെയ്യുന്നത്.

ഇതിനു പുറമേ ഡേറ്റിംഗ് ആപ്പ്, മാട്രിമോണിയൽ ആപ്പ് എന്നിവ വഴി സ്ത്രീകളെ പരിചയപ്പെട്ട് തട്ടിപ്പ് നടത്തുന്നതും ഇയാളുടെ രീതിയാണ്.

ഇയാൾ കർണാടകയിൽ ഉണ്ടെന്നറിഞ്ഞ് നിലമ്പൂർ പോലീസ് സ്ഥലത്തെത്തുമ്പോഴേക്കും ദാവൺഗരെയിൽ നിന്ന് ഉഡുപ്പി ഭാഗത്തേക്ക് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെയാണ് പോലീസ് ഇൻസ്പെക്ടർ പി. ടി. സൈഫുള്ള, അഭിലാഷ് വിപിൻ, മുഹമ്മദ് റാഫി, സുമിത്ര എന്നിവരുടെ നേതൃത്വത്തിൽ ഇയാളെ പിടികൂടുന്നത്.

# ലൈംഗികാതിക്രമ കേസ്: പി. ടി. കുഞ്ഞുമുഹമ്മദിൻെറ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് കോടതിയിൽ

തിരുവനന്തപുരം: ലൈംഗികാതിക്രമ കേസിൽ സംവിധായകനും മുൻ എംഎൽഎയുമായ പി. ടി. കുഞ്ഞുമുഹമ്മദിൻറെ മുൻകൂർ ജാമ്യാപേക്ഷ കോടതി ഇന്നു പരിഗണിക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് അപേക്ഷ പരിഗണിക്കുന്നത്. പി. ടി. കുഞ്ഞുമുഹമ്മദിൻറെ ജാമ്യാപേക്ഷയെ ശക്തമായി എതിർക്കാനാണ് പ്രോസിക്യൂഷൻറെ തീരുമാനം. കുഞ്ഞുമുഹമ്മദിനെതിരായ പരാതിയിൽ കഴമ്പുണ്ടെന്നാണ് പോലീസ് റിപ്പോർട്ടിൽ പറയുന്നത്. സംഭവം നടന്ന ഹോട്ടലിലെ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പോലീസ് നേരത്തെ ശേഖരിച്ചിരുന്നു. ഇക്കാര്യവും കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പോലീസ് വ്യക്തമാക്കിയിട്ടുണ്ട്.

പരാതിക്കാരിയുടെ രഹസ്യമൊഴി കഴിഞ്ഞദിവസം കോടതി രേഖപ്പെടുത്തിയിരുന്നു. തനിക്കുണ്ടായ ദുരനുഭവം അക്കാദമി ഭാരവാഹികളെ അറിയിച്ചിരുന്നുവെന്ന് ചലച്ചിത്ര പ്രവർത്തക മൊഴി നൽകിയിട്ടുണ്ട്.

ഐഎഫ്എഫ്കെയുടെ സിനിമകൾ തെരഞ്ഞെടുക്കുന്നതിനുള്ള ജൂറി അംഗങ്ങളായിരുന്നു പരാതിക്കാരിയും പി. ടി. കുഞ്ഞുമുഹമ്മദും. കഴിഞ്ഞ മാസം ആറിന് ഹോട്ടലിൽ വച്ച് കുഞ്ഞുമുഹമ്മദ് മുറിയിലേക്ക് വിളിച്ചു വരുത്തി മോശമായി പെരുമാറിയെന്നാണ് പരാതി നൽകിയത്.

ഇങ്ങിനെയൊരു പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നുവെന്ന് അക്കാദമി ഉപാധ്യക്ഷയായ കുക്കു പരമേശ്വരൻ നേരത്തെ പറഞ്ഞിരുന്നു. എപ്പോഴാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. കഴിഞ്ഞ മാസം ആറിന് ഐഎഫ്എഫ്കെ സിനിമാ സെലക്ഷന് വേണ്ടി എത്തിയ പരാതിക്കാരി, അക്കാദമി എടുത്തു നൽകിയ ഹോട്ടലിലാണ് താമസിച്ചത്. അന്ന് മറ്റ് ജൂറി അംഗങ്ങളും ഇതേ ഹോട്ടലിൽ താമസിച്ചിരുന്നു.

# റെയ്നർ യുഎസിന് ദോഷമായിരുന്നെന്ന് ട്രംപ്

വാഷിംഗ്ടൺ: കഴിഞ്ഞ ദിവസം മരിച്ച നിലയിൽ കണ്ടെത്തിയ ഹോളിവുഡ് സംവിധായകൻ റോബ് റെയ്നറെ വീണ്ടും വിമർശിച്ച് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ്.

റെയ്നർ നമ്മുടെ രാജ്യത്തിനു ദോഷം ചെയ്തിരുന്നുവെന്നു ട്രംപ് മാധ്യമങ്ങളോടു പറഞ്ഞു. തന്നോടുള്ള ഭ്രാന്തവും അനാരോഗ്യകരവുമായ അഭിനിവേശമായിരുന്നു അദ്ദേഹത്തിനെന്നും ഇതുമൂലം ഉണ്ടായ ചിത്തഭ്രമമാണ് മരണകാരണമെന്നും ട്രംപ് പറയുകയുണ്ടായി.

എന്നാൽ, മരിച്ചവരെക്കുറിച്ചുള്ള പരാമർശം അനുചിതമായെന്ന് നിരവധി ഡെമോക്രാറ്റ്, റിപ്പബ്ലിക്കൻ നേതാക്കൾ അഭിപ്രായപ്പെട്ടു. ട്രംപിൻറെ നേട്ടങ്ങൾ ഇത്തരം വിവാദങ്ങളിൽ മുങ്ങിപ്പോകുമെന്ന് റിപ്പബ്ലിക്കൻ നേതാവ് ജോൺ കെന്നഡി പറഞ്ഞു.

ഇതിനുമുൻപും തന്നെ കുറ്റപ്പെടുത്തിയവരെ അവരുടെ മരണശേഷം വിമർശിച്ച ചരിത്രം ട്രംപിനുണ്ട്. 2017ൽ ട്രംപിനെ മനോരോഗിയെന്നും പ്രസിഡൻറ് പദവിക്ക് അനർഹനെന്നും വിശേഷിപ്പിച്ച വ്യക്തിയാണ് റെയ്നർ.

ട്രംപ് ഏകാധിപത്യമാണ് കൊണ്ടുവരുന്നതെന്നും റെയ്നർ അടുത്തിടെ ആരോപിക്കുകയുണ്ടായി. ഞായറാഴ്ചയാണു റെയ്നറെയും ഭാര്യ മിഷേലിനെയും ലോസ് ആഞ്ചലസിലെ വസതിയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് ഇവരുടെ മകൻ നിക്കിനെ പോലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

# ശബരിമല സ്വർണക്കൊള്ള കേസ്: 500 കോടിയുടെ ഇടപാട്

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളകേസിലെ പ്രതികൾക്ക് അന്താരാഷ്ട്ര പുരാവസ്തു കള്ളക്കടത്തുസംഘവുമായി ബന്ധമെന്ന് വിദേശ വ്യവസായിയുടെ മൊഴി. സ്വർണക്കൊള്ള കേസ് അന്വേഷിക്കുന്ന പ്രത്യേക അന്വേഷണ സംഘത്തിൻറെ ഓഫീസിലെത്തിയാണ് വിദേശ വ്യവസായി വിശദമായ മൊഴി നൽകിയത്. 500 കോടിയിൽപരം രൂപയുടെ ഇടപാടാണ് സ്വർണപ്പാളി കടത്തിൽ നടന്നതെന്നാണ് വ്യവസായി മൊഴി നൽകിയതെന്നാണ് ലഭിക്കുന്ന വിവരം.

ശബരിമലയിലെ സ്വർണപ്പാളികൾ കടത്തിയതിൽ അന്താരാഷ്ട്ര പുരാവസ്തു കള്ളക്കടത്ത് സംഘത്തിന് ബന്ധമുണ്ടെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല എസ്ഐടിക്ക് രേഖാമൂലം കത്ത് നൽകുകയും നേരിട്ട് മൊഴി നൽകുകയും ചെയ്തിരുന്നു. തന്നോട് വിദേശത്തുള്ള ഒരു വ്യവസായിയാണ് ഈ കാര്യം പറഞ്ഞതെന്നും 500 കോടി രൂപയുടെ ഇടപാട് നടന്നുവെന്നുമാണ് ചെന്നിത്തല എസ്ഐടിക്ക് മുൻപാകെ മൊഴി നൽകിയത്. ഇതേ തുടർന്നാണ് എസ്ഐടി വിദേശ വ്യവസായിയിൽ നിന്നു മൊഴി രേഖപ്പെടുത്തിയത്. ചെന്നിത്തല പറഞ്ഞ കാര്യങ്ങൾ സ്ഥിരീകരിക്കുന്ന മൊഴിയാണ് വ്യവസായിയും നൽകിയതെന്നാണ് ലഭിക്കുന്ന വിവരം.

ദുബായ് കേന്ദ്രമായി പ്രവർത്തിക്കുന്നയാളാണ് വ്യവസായി. ഇദ്ദേഹം അതീവ രഹസ്യമായാണ് തിരുവനന്തപുരത്തെ എസ്ഐടിയുടെ ക്യാമ്പ് ഓഫീസിലെത്തി മൊഴി നൽകിയത്.

ശബരിമലയിലെ സ്വർണപ്പാളികൾ വിദേശത്തേക്കു കടത്തി 500 കോടിയിൽപ്പരം രൂപയുടെ ഇടപാട് അന്താരാഷ്ട്ര പുരാവസ്തു കള്ളക്കടത്ത് സംഘവുമായി ഉണ്ടാക്കിയെന്നാണ് വ്യവസായിയുടെ മൊഴിയിലുള്ളതെന്നാണ് ലഭിക്കുന്ന സൂചന.

# അമേരിക്കയ്ക്കു വഴങ്ങാൻ സെലൻസ്കി

കീവ്: സമാധാനക്കരാർ സംബന്ധിച്ച നിർദേശങ്ങൾ ദിവസങ്ങൾക്കുള്ളിൽ അന്തിമമാക്കുമെന്ന് യുക്രെയ്ൻ പ്രസിഡൻറ് വൊളോദിമിർ സെലൻസ്കി.

ജർമൻ തലസ്ഥാനമായ ബർലിനിൽ യുഎസ് അധികൃതരുമായി നടന്ന ചർച്ചകളിൽ അവതരിപ്പിച്ച കരട് സമാധാന പദ്ധതി പ്രായോഗികമാണെന്ന് സെലെൻസ്കി മാധ്യമപ്രവർത്തകരോടു പറഞ്ഞു.

ചർച്ചയിലെ നിർദേശങ്ങൾ ഉടൻ അന്തിമമാക്കും. പിന്നീട് യുഎസ് അധികൃതർ കരട് സമാധാന പദ്ധതി റഷ്യയുമായി പങ്കുവയ്ക്കും.

എന്നാൽ, റഷ്യ അധിനിവേശം നടത്തിയ യുക്രെയ്ൻ പ്രദേശങ്ങൾ ഉൾപ്പെടെയുള്ള പ്രധാന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുകയാണെന്നും സെലൻസ്കി പറഞ്ഞു.

യുഎസ് തയാറാക്കിയ സമാധാന പദ്ധതിയുടെ ഏകദേശം 90 ശതമാനം സംബന്ധിച്ച് യുക്രെയ്നും യൂറോപ്പും സമവായത്തിലായെന്ന് അമേരിക്കൻ ഉദ്യോഗസ്ഥർ പറഞ്ഞു.

ഡോൺബാസിൻറെ ഏതെങ്കിലും ഭാഗത്തിനുമേലുള്ള മോസ്കോയുടെ നിയന്ത്രണം അംഗീകരിക്കാനാവില്ലെന്ന് സെലൻസ്കി ആവർത്തിച്ചു. അമേരിക്ക വിട്ടുവീഴ്ചയ്ക്കു ശ്രമിക്കുകയാണ്. ഡോൺബാസിൽ സ്വതന്ത്ര സാമ്പത്തിക മേഖലയാണ് അവർ നിർദേശിക്കുന്നത്.

എന്നാൽ, ഈ സ്വതന്ത്ര സാമ്പത്തികമേഖല റഷ്യയുടെ നിയന്ത്രണത്തിലാകാൻ സമ്മതക്കില്ലെന്നും സെലൻസ്കി പറഞ്ഞു.

മുൻപത്തേക്കാൾ സമാധാന കരാറിലേക്കു കൂടുതൽ അടുത്തിരിക്കുന്നതായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് പ്രതികരിച്ചു.

# ചിത്രപ്രിയ കൊലക്കേസ്; അന്വേഷണസംഘം ബംഗളൂരുവിൽ

മലയാറ്റൂർ: ചിത്രപ്രിയ കൊലക്കേസിൽ തെളിവുശേഖരണത്തിൻറെ ഭാഗമായി അന്വേഷണസംഘം ബംഗളൂരുവിൽ. ചിത്രപ്രിയയുടെ സുഹൃത്തുക്കളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനാണ് അന്വേഷണസംഘം ബംഗളൂരുവിലെത്തിയത്. കേസിലെ പ്രതി അലൻറെയും ചിത്രപ്രിയയുടേയും ഫോണുകൾ പോലീസ് ശാസ്ത്രീയ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.

ഇതിൽ നിന്ന് നിർണായക വിവരങ്ങൾ പോലീസിന് ലഭിച്ചതായാണ് റിപ്പോർട്ടുകൾ. അതേസമയം അലനെ പോലീസ് കസ്റ്റഡിയിൽ വാങ്ങിയിട്ടുണ്ട്. കൊലനടത്തിയ പ്രദേശങ്ങളിൽ അടുത്ത ദിവസം തെളിവെടുപ്പിന് എത്തിക്കും. കൃത്യത്തിൽ അലന് മാത്രമാണ് പങ്ക് എന്ന നിഗമനത്തിലാണ് നിലവിൽ പോലീസ്.

# പേരു വെളിപ്പെടുത്തി വീഡിയോ; അതിജീവിതയുടെ പരാതിയിൽ മാർട്ടിനെതിരേ കേസെടുക്കും

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ അതിജീവിതയുടെ പേര് വെളിപ്പെടുത്തിയ വിഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച സംഭവത്തിൽ കേസിലെ രണ്ടാം പ്രതിയായ മാർട്ടിനെതിരേ പോലീസ് കേസെടുത്തേക്കും. അതിജീവിത നൽകിയ പരാതിയിലാണ് നടപടി. സമൂഹമാധ്യമങ്ങളിലൂടെ രൂക്ഷമായ സൈബർ ആക്രമണം നടക്കുന്നു എന്ന് ആരോപിച്ചാണ് അതിജീവിതയുടെ പരാതി. രണ്ടാം പ്രതി മാർട്ടിൻ പങ്കുവെച്ച് വീഡിയോ നീക്കണമെന്നാണ് പരാതിയിലെ ആവശ്യം. വീഡിയോ പങ്കുവച്ചവർക്കെതിരെയും അതിജീവിത നടപടി വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വീഡിയോ പ്രചരിപ്പിച്ച 16 ലിങ്കുകൾ പോലീസിൽ ഹാജരാക്കി.

ഡിഐജി ഹരിശങ്കറിനാണ് നടി പരാതി നൽകിയത്. സമൂഹമാധ്യമത്തിലെ അധിക്ഷേപത്തിൽ നടപടിയെടുക്കണമെന്ന് അതിജീവിത മുഖ്യമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. പിന്നാലെ ഇതിൽ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി നിർദേശിക്കുകയും ചെയ്തിരുന്നു. നടി ആക്രമിക്കപ്പെട്ട കേസിൽ വിധി വന്നതിന് തൊട്ടുപിന്നാലെയാണ് കേസിലെ രണ്ടാം പ്രതിയായ മാർട്ടിൻറേതായി വീഡിയോ പുറത്തുവന്നത്. അതിജീവിതയുടെ പേര് വെളിപ്പെടുത്തിയാണ് മാർട്ടിൻ വീഡിയോ പ്രചരിപ്പിച്ചത്. ദിലീപിനെതിരെ നടിയുടെ നേതൃത്വത്തിൽ ഗൂഢാലോചന നടത്തിയെന്നാണ് വീഡിയോയിലെ ആരോപണം.

# രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ആദ്യ ബലാത്സംഗ കേസ്; രണ്ടാം പ്രതിയുടെ മുൻകൂർ ജാമ്യം ഇന്ന് പരിഗണിക്കും

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ആദ്യ ബലാത്സംഗ കേസിലെ രണ്ടാം പ്രതി ജോബി ജോസഫിൻറെ മുൻകൂർ ജാമ്യ ഹർജി ഇന്ന് പരിഗണിക്കും. തിരുവനന്തപുരം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ഹർജി പരിഗണിക്കുക. പരാതിക്കാരിക്ക് ഗർഭഛിദ്രത്തിനുള്ള മരുന്ന് എത്തിച്ചത് രാഹുലിൻറെ സുഹൃത്തായ ജോബി ജോസഫ് ആണെന്നാണ് പോലീസ് കണ്ടെത്തിയിരിക്കുന്നത്.

എന്നാൽ മരുന്ന് എത്തിച്ചത് യുവതി ആവശ്യപ്പെട്ടത് കൊണ്ടാണെന്നും മരുന്ന് എന്തിനുള്ളതാണെന്ന് തനിക്ക് അറിയില്ലെന്നുമാണ് ഹർജിയിൽ ജോബി ജോസഫ് പറയുന്നത്. ഗർഭഛിദ്രത്തിനുള്ള മരുന്ന് കഴിച്ച യുവതി അപകടാവസ്ഥയിലായതിനെ തുടർന്ന് രണ്ട് ആശുപത്രികളിൽ ചികിത്സ തേടിയതിൻറെ രേഖകൾ നേരത്തെ പോലീസ് കോടതിയിൽ ഹാജരാക്കിയിരുന്നു. കേസിൽ ഒന്നാം പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ നൽകിയ മുൻകൂർ ജാമ്യ ഹർജി ഇതേ കോടതി തള്ളിയതിനെ തുടർന്ന് ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ് ജോബി.

# വീട്ടമ്മയെ ഉപദ്രവിച്ച കേസിൽ ഒളിവിലായിരുന്ന പ്രതി അറസ്റ്റിൽ

തിരുവനന്തപുരം: വീട്ടമ്മയെ ഉപദ്രവിച്ച കേസിൽ ഒളിവിൽക്കഴിഞ്ഞിരുന്ന പ്രതിയെ പോലീസ് പിടികൂടി. തമ്പാനൂർ കണ്ണേറ്റുമുക്ക് സ്വദേശി അനന്തു (അച്ചു -27)വിനെയാണ് തമ്പാനൂർ പോലീസ് സംഘം സാഹസികമായി അറസ്റ്റു ചെയ്തത്. ഒക്ടോബറിലാണ് ഇയാൾ അയൽ വീട്ടിൽ കയറി വീട്ടമ്മയെ ഉപദ്രവിച്ചത്. ശേഷം പല സ്ഥലങ്ങളിലായി ഒളിവിൽക്കഴിഞ്ഞ പ്രതിക്കായി പോലീസ് അന്വേഷണം നടത്തിവരികയായിരുന്നു. ഞായറാഴ്ച പുലർച്ചെ ഒന്നരയോടെ ഇയാൾ തൈക്കാട്ടുള്ള പെൺസുഹൃത്തിൻറെ വീട്ടിൽ എത്തിയതായി രഹസ്യവിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് ഇവിടെയെത്തി.ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പിന്തുടർന്നപ്പോൾ കത്തിയുപയോഗിച്ച് പോലീസ് സംഘത്തെ ആക്രമിക്കാനും ശ്രമിച്ചു. പിന്നീട് ഇയാളെ ബലം പ്രയോഗിച്ച് കീഴ്പ്പെടുത്തുകയായിരുന്നു. കരമന പോലീസിനു നേരേ ബോംബെറിഞ്ഞ കേസിലും പൂജപ്പുര, തമ്പാനൂർ, പേട്ട, ശ്രീകാര്യം, വലിയതുറ എന്നീ സ്റ്റേഷനുകളിൽ മറ്റ് കേസുകളിലും പ്രതിയാണ് അനന്തുവെന്ന് പോലീസ് പറഞ്ഞു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# വയനാട്ടിൽ കടുവയെ കാടുകയറ്റാൻ ശ്രമം തുടരുന്നു; വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചു

വയനാട്: ജനവാസ മേഖലയിൽ ഇറങ്ങിയ കടുവയെ കാടുകയറ്റാനുള്ള നടപടികൾ തുടരുന്നു. വയനാട് കണിയാമ്പറ്റ പനമരം മേഖലയിലിറങ്ങിയ കടുവയെ തെർമൽ ഡ്രോൺ ഉപയോഗിച്ച് കണ്ടെത്തിയ ശേഷം കാടുകയറ്റാനാണ് നീക്കം. പ്രദേശത്ത് കാമറ ട്രാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്.

അഞ്ച് വയസുള്ള ആൺ കടുവയാണ് മേഖലയിലുള്ളതെന്നാണ് നിഗമനം. കൂട് സ്ഥാപിക്കാനും മയക്കുവെടി വയ്ക്കാനുമുള്ള ഉത്തരവ് ലഭിച്ചിട്ടുള്ളതിനാൽ ആ മാർഗവും തേടുമെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു. ഇന്നലെ രാത്രി ചീക്കല്ലൂരിലെ വയലിൽ നിന്ന് കാട്ടിലേക്ക് കയറ്റാൻ ശ്രമിച്ചെങ്കിലും ജനവാസ മേഖലയിലേക്കാണ് കടുവ ഓടിയത്. കടുവയുടെ സാന്നിധ്യത്തെത്തുടർന്ന് പനമരം, കണിയാമ്പറ്റ പഞ്ചായത്തുകളിലെ അഞ്ച് വീതം വാർഡുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രദേശത്ത് നിരോധനാജ്ഞയും നിലവിലുണ്ട്. പനമരം പഞ്ചായത്തിലെ ആറ്, ഏഴ്, എട്ട്, ഒൻപത്, 14,15 വാർഡുകളിലും കണിയാമ്പറ്റ പഞ്ചായത്തിലെ അഞ്ച്, ആറ്, ഏഴ്, 19,20 വാർഡുകളിലും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്. പരീക്ഷകളും മാറ്റിവച്ചിട്ടുണ്ട്.